Registered No. M-4485

Madras War Review { MALAYALAM
21-1-1944

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിൻെറ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III]  1944 ജനുവരി 21-ാംനു, വെള്ളിയാഴ്ച  [ലക്കം 20

## വന്നീടുംവിഷുവിന്നു റോമി, ലവിടെത്തങ്ങൾ കണിക്കിക്കുറി

★

ഇററലിയിൽ ഇപ്പോൾ നടത്തിവരുന്ന സന്നാഹത്തിൻെറ ഉദ്ദേശം റോം നഗരിയെ പിടിക്കുവാനാകുന്നു. ഐക്യകക്ഷികൾ വരുന്ന വിഷുവിന്നു മുമ്പ് റോമിലെത്തും.

ഞാൻ എപ്പോഴും ശുഭപ്രതീക്ഷക്കാരനാണ്. യുദ്ധഗതിയിൽ ഖണ്ഡിതമായ ഫലപ്രാപ്തിയടയുമാറുള്ള സ്ഥിതിയിൽ നാം ഇപ്പോൾ എത്തിയിരിക്കുന്നു.

ഫ്രാൻസിൻെറ തെക്കു പ്രദേശങ്ങളിൽ വല്ലേടവും ചെന്നിറങ്ങുവാനുള്ള ഒരു സന്ദർഭം ലഭിക്കുന്നപക്ഷം, ഞങ്ങൾ ആയത് ഒഴിച്ചുവിടുകയില്ല. ഇക്കൊല്ലം കഴിയുന്നതിന്നു മുമ്പ് അപ്രതീക്ഷിതമായ ചില കാര്യങ്ങൾ അവിടെ ഞങ്ങൾ വരുത്തിക്കൂട്ടാതിരിക്കുന്നതല്ല.

—ജനറൽ സേർ ഹെൻറി മെയിററ്ലൻറ് വിൽസൺ, മദ്ധ്യധരണി പ്രദേശങ്ങളിലെ സൈന്യനായകൻ, ജനുവരി 17-ാം തിയ്യതി.

## വിഷയവിവരം


| | ഭാഗം |
|---|---|
| വന്നീടും വിക്ടറി വിന്നുറോമിൽ .. .. .. | 1 |
| യുദ്ധപ്പാന .. .. .. .. .. | 2 |
| പ്രതിവാര ചിന്തകൾ .. .. .. .. | 3-9 |
| പ്രത്യേക ലേഖനങ്ങൾ : | |
| റഷ്യ, ബാൾക്കൻസ്, പോളണ്ട് .. .. .. | 10, 16 |
| കഥകളിയിലെ ചില വേഷ വിശേഷങ്ങൾ .. | 11 |
| കഥകളി : ശ്രീമാൻ വിഷ്ണു നമ്പൂതിരി .. .. | 12 |
| മലബാറിലെ ഉത്സവങ്ങൾ : കെ. സി. ആർ. .. | 13 |
| കയററി എഴുന്നള്ളത്ത് .. .. | 14 |
| ബൃഹൽ ഭാരതം : മേജർ കെ. യം. പണിക്കർ .. | 15, 16 |


# യുദ്ധപ്പാന

## യുദ്ധജയപ്രാർത്ഥന

(എൻ. അബ്ബുബക്കർ)

(ഗാഥ)

1 ലോകൈകനായക ! സത്യസ്വരൂപക !
ഏകനാം നിന്നോടപേക്ഷിക്കുന്നു.
2 മാലോകരൊക്കയും ലോകമഹായുദ്ധ-
മൂലംവിറച്ചുള്ള കാലഘട്ടം.
3 ദേശാഭിമാനികളായനാമേവരും
ദേശീയയുദ്ധത്തിൽ പങ്കകാരാം.
4 ഓരോരോരോപേരാലും സാധിക്കുന്നവിധം
കാര്യങ്ങളൊന്നു പ്രവൃത്തിക്കുക.
5 ചാടിപ്പുളച്ചുള്ള ചോരനാം ഹിററ്ലറെ
ഒടിപ്പാനീശൻ തുണച്ചീടട്ടെ.
6 നിർദ്ദയരുമതി ദുർമ്മോഹികളുമാം,
വഷ്ളക്കാർ ജാപ്പാൻകാരോടിപ്പോട്ടെ.
7 ഹുംകാരി ദുർമ്മോഹി ദുഷ്ടസ്വഭാവിയ -
ഹംകാരി ഹിററ്ലർ നശിച്ചീടട്ടെ.
8 ജാപ്പാൻകാർ ബർമ്മയും സിങ്കപ്പൂര് വിട്ടി -
ട്ടപ്പുറം തോറേറാടിപ്പോയിടട്ടെ.
9 പഞ്ചനൃപന്മാരിലഗ്രഗണ്യനായ,
പഞ്ചാസ്യനാറാമൻ ജോർജ് ഭൂപൻ.
10 നീതിന്യായംപരിപാലിച്ചുവാഴുവാ-
നേതുകാലത്തും തുണക്കുവാനായ്.
11 സർവ്വേശനാൽസ്തുതി പാടീടുന്നു ഞങ്ങൾ
സർവ്വരുമൊത്തു ഭയഭക്തരായ്.
12 ബ്രിട്ടൻ ജയിക്കട്ടെ ! ബ്രിട്ടൻ ജയിക്കട്ടെ !!
ബ്രിട്ടൻ ജയിച്ചു ഗുണംവരട്ടെ.
13 യുദ്ധജയശേഷം സ്വാതന്ത്ര്യമിന്ത്യക്ക്,
ബദ്ധമോദം നൽകാൻ ഭൂപാലനിൽ.
14 സംഗതിക്കൂട്ടുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു,
മംഗളം പാടിയാഘോഷിക്കുന്നു.

## സമരഗാനം

(വഞ്ചിപ്പാട്ട്)

1 ദേശീയ സമരഗാനം ദേശാഭിമാനികളെല്ലാ-
മാശയോടെയാമോദമായ് കേട്ടുകൊണ്ടാലും.
2 ലോകമഹായുദ്ധംമൂലം ലോകാലോകം ഭയപ്പെട്ടു,
ആകമാനം വിറപൂണ്ട കാലഘട്ടത്തിൽ.
3 നാമേവരുമൊരുമിച്ചു യഥാശക്തിക്കൊത്തവിധം,
കാമിതം സാധിപ്പിക്കുവാൻ പരിശ്രമിക്ക.
4 വൈരികളെ വെറുക്കുവാൻ കാര്യമായുദ്യമിക്കുക
ധൈര്യത്തോടെയരികളെ മുടിച്ചീടുക.
5 ദുർമ്മോഹത്താൽവായ് തുറന്ന വഞ്ചകൻഹിററ്ലറിന്നു,
ദുർഘടമെത്തി, രണംവിട്ടോടിപ്പോകുന്നു.
6 ജർമ്മൻകാരും ജപ്പാൻകാരുമത്യാഗ്രഹികളാണെന്ന്
കർമ്മംകൊണ്ടുതന്നെകാണാം പരസ്യമായി.
7 ഭാര്യയമ്മ സഹോദരിയെന്നഭേദമവരിലെ,
തീരെയില്ല മൃഗീയരായ് ജീവിക്കും ധൂർത്തർ.
8 നിരീശ്വര വാദികളാണവർപറെറ തുലഞ്ഞോടാൻ,
പരാപരാ തുണനൽകയനവരതം.
9 പഞ്ചമഹൽക്കോയ്മകളെ സഞ്ചയത്തിലഗ്രഗണ്യൻ
ചെഞ്ചുടർതിങ്ങളും ബ്രിട്ടൻ ജയിച്ചീടട്ടെ.
10 എതിരിട്ടോരരികളെ പതിരാക്കി പറപ്പിക്കാ-
നതിബലം സംഖ്യശക്തികൾക്കുളിയാലും.
11 അശരണ നിലയെത്തിയിററലിയറ്റായുധം വെ-
ച്ചശക്തിയാൽ കീഴടങ്ങി, ബ്രിട്ടൻ ജയിച്ചു.
12 ഇളിഭ്യരായ് ജർമ്മൻസേനപിന്നോട്ടോടിപ്പോയിടുന്നു
പുളച്ചുള്ളോരഹംകാരമമർന്നുപോയി.
13 അതുപോലെ ജപ്പാൻകാരും ബർമ്മ സിങ്കപ്പൂര് വിട്ട്,
കുതിച്ചോടാൻ വിധാതാവു കടാക്ഷിക്കട്ടെ.
14 പ്രജാക്ഷേമതല്പരനാം നീതിന്യായപരിപാലൻ,
രാജനാറാം ജോർജ് സത്തമൻ ജയിക്കട്ടെ. [റിടട്ടെ!!
15 ബ്രിട്ടൻചെങ്കോൽ പാറിടട്ടെ! ബ്രിട്ടൻചെങ്കോൽ പാ
ബ്രിട്ടൻചെങ്കോൽപാറിയുദ്ധംജയംവരട്ടെ.
16 യുദ്ധജയാനന്തരമായിന്ത്യക്കാരിൽ സ്വാതന്ത്ര്യവും,
ബദ്ധമോദം ഡൊമേനിയപ്പദവികളും ;
17 നല്കാൻതുണയരുളീശ ! സൽഭൂപനിൽ യഥോചിതം
ഉത്സുകരായ് പ്രാർത്ഥിക്കുന്നു, ഞങ്ങളെല്ലാരും.
18 ശരിയായി സകലരുമനുകരിപ്പതിനായി-
ട്ടൊരുകാര്യമിതിലനുബന്ധമോതുന്നു.
19 യുദ്ധംമൂലംസാമാനങ്ങൾക്കെല്ലാം വിലകയറുന്നു.
ശ്രദ്ധിക്കുവിൻ, പണത്തിൻെറ വിലതാഴുന്നു. [ൻ
20 തൻമൂലം ദിനംപ്രതിയായോരോ "യണ" കരുതി
സമ്മോദംകടമായ്, ഗവർമ്മേണ്ടിൽകൊടുപ്പിൻ.
21 നാട്ടിനെന്നുതന്നെയല്ല നാട്ടുകാർക്കുമതുമൂലം,
നേട്ടമെത്തും, ഭാവിഗുണം വരുംനിശ്ചയം.
22 മുഖവാക്യമായിട്ടിതു് ഭദ്രമായിക്കരുതുകിൽ,
വിഘ്നംതന്നെ കളങ്കമില്ല നിർണ്ണയം.

(ശുഭമസ്തു)

# പ്രതിവാരചിന്തകൾ

മലബാറിൽ ശാപ്പാടിന്നുള്ള നിവൃത്തിമാർഗ്ഗം വളരെ കഷ്ടിയായിരിക്കുന്നു; മാസംതോറും അവിടേക്കു ഇറക്കുമതി ചെയ്യാൻ നിശ്ചയിച്ച അരി ക്രമത്തിൽ നിന്നു താഴ്ത്തിയിരിക്കുന്നു; അതു് വളരെ സങ്കടകരമായിട്ടുള്ളതാണു്; എന്നും മററും ഒരഭിപ്രായം പണ്ഡിത ഹൃദയനാഥ കുൻസ്രു വടക്കെ ഇന്ത്യയിൽ നിന്നു് വന്നു് മലബാറിൽ അല്പനേരം താമസിച്ചതിന്നുശേഷം പുറപ്പെടുവിച്ചു കാണുന്നു. ഈ മാന്യൻെറ അഭിപ്രായം ഏററവും വിലയേറിയ ഒന്നാണു്; പൊകയുണ്ടാക്കിത്തീക്കുന്ന സംപ്രദായക്കാരനല്ല അദ്ദേഹം. പക്ഷെ, ഈ അഭിപ്രായം എത്രയും ഔചിത്യത്തോടുകൂടി പുറപ്പെടുവിക്കാവുന്നവർ മലബാറിലെ നേതാക്കന്മാരുടെ ഇടയിൽ ഇല്ലെന്നു് വന്നുവോ? യാതൊരാവശ്യവുമില്ലാതെ മലബാറിലെ ജനങ്ങൾ പട്ടിണി കിടക്കുന്നതു് കാണാൻ അധികൃതന്മാക്കിഷ്ടമാണെന്നു് വരുമോ? പൊതുജനരക്ഷാമാർഗ്ഗങ്ങൾ ചെയ്യുവരുന്ന അധികൃതന്മാരെ നിരന്തരം സഹായിപ്പാനായി പരിശ്രമിക്കുന്ന ദേശീയ സമരനിര ഇക്കായ്യത്തിൽ കണ്ണടച്ചിരിക്കയാണെന്നു വരുമോ? ഈ പ്രശ്നങ്ങൾക്കെല്ലാം തക്കതായ സമാധാനം കൈവരുന്നവരേക്കും ക്ഷാമം വത്തമാനത്തിൽ യഥാർത്ഥമുണ്ടെന്നു വരികിൽകൂടി അന്തർവ്വാഹിനിയായി ഗവമ്മേണ്ടിനെ ഇടിക്കുവാനും, അഞ്ചാം കോളക്കാരുടെ പ്രചാരവേലക്കു മുറുക്കം കൂട്ടുവാനും, പൊതുജനങ്ങളുടെ കരുത്തു് കുറക്കുവാനും ഉള്ള ശ്രമം ഉണ്ടെന്നു് ഊഹിക്കാതെ നിവൃത്തിയില്ല. ദേശീയ സമരനിര ഇക്കായ്യത്തിൽ വേണ്ടത്ര അന്വേഷണം നടത്തുന്നുണ്ടെന്നും പൊതു ജനങ്ങൾക്കു യാതൊരു കഷ്ടപ്പാടും വരാതിരിക്കത്തക്ക നിലയിൽ ന്യായമായ ഏപ്പാടുകൾ ചെയ്യുവരുന്നുണ്ടെന്നും ലോകം അറിഞ്ഞിരിക്കട്ടെ.



ഒരു പ്ലാന്തോപ്പ്. റോട്ടിൻെറ ഇരുപുറത്തുമുള്ള ഈ ഫലവൃക്ഷസമൂഹം വഴിപോക്കക്ക് ദാഹവും വിശപ്പും തീക്കുന്നവയാകുന്നു.

## നിത്യദാരിദ്ര്യം

മലബാറിൽ ഭക്ഷണത്തിന്നുള്ള നിവൃത്തിമാർഗ്ഗങ്ങൾ മുഴുവൻ അടയേണമെങ്കിൽ വളരെ പ്രയാസമുണ്ടു്. കാരണം, ഗർഭശ്രീമാന്മാരായി ജനിക്കുന്ന ജന്മിമാരും, കൃഷിയല്ലാതെ മററു് തൊഴിലുകൾകൊണ്ടു ജീവിച്ചു് പട്ടണ പ്രദേശങ്ങളിൽ ജീവിക്കുന്നവരും, ശംബളക്കാരും കഴിച്ചു് ബാക്കി നാട്ടുപുറങ്ങളിലുള്ളവക്കു് ഏതു കാലത്തും സുഭിക്ഷംതന്നെ ഇല്ല. പട്ടിണിതിന്നു കാലം അവക്കില്ല; ഓണം, വിഷു, തിരുവാതിര മുതലായ ആണ്ടത്തികൾ വന്നാൽ അവർ അറിയുക തന്നെ ഇല്ല. ഇങ്ങനെ മുന്നൂററി അറുപത്തിഅഞ്ചു ദിവസവും പട്ടിണിയില്ലാണ്ടു കിടക്കുന്നവന്നു് പിന്നെ എന്തു് കുളിരാണു്! ഇവരെ സംബന്ധിച്ചു് യുദ്ധമൊന്നും ഇല്ലാത്ത കാലത്തു ആരാണു് അന്വേഷിച്ചിരുന്നതു്? ഇപ്പോഴെന്തെ ചിലക്കെല്ലാം ഇവരെപ്പററി ഒരു പ്രത്യേക ജീവകാരുണ്യം ജനിച്ചതു്? യുദ്ധമില്ലാത്തകാലത്തു് ഗവമ്മേണ്ടിനെ കുററം പറയുവാൻ നിവൃത്തിയില്ലെന്നു് ഈ ആക്ഷേപക്കാക്കെല്ലാം അറിയാം. മലബാറിലെ ഭൂമി ഉടമസ്ഥതയിൽ കിടക്കുന്ന അനേക തരത്തി


ലുള്ള അസംബന്ധങ്ങളാണു് യുദ്ധമില്ലാത്ത കാലത്തു് അപ്പിടത്തെ ക്ഷാമത്തിന്നു് ഉത്തരവാദിയെങ്കിൽ യുദ്ധം നടക്കുമ്പോഴും ഇതേ കാരണങ്ങൾ പ്രബലമായി നിലനില്ക്കുന്നുണ്ടെന്നുള്ള സംഗതി നാം മറക്കരുതു്. ഭൂമിഉടമസ്ഥതയിലുള്ള കുഴപ്പങ്ങൾനിമിത്തം മലബാറിലെ കർഷകന്നു് ഒരു ന്യായമായ തൊഴിലിനോടുള്ള ആസക്തിയില്ലാതെയായിരിക്കുന്നു. ഒരു കൃഷിക്കാരൻ കൃഷി നടക്കുന്നുണ്ടെങ്കിൽ മററു് തൊഴിലുകൾ അവന്നില്ലാതെയായതിനാൽ മാത്രമാണു്. കൃഷിത്തൊഴിലിനോടാകട്ടെ, ഭൂമിയോടാകട്ടെ കൃഷിക്കാരന്നു് പ്രേമമില്ല. ഇന്നു് കണ്ടുവരുന്നതായ ഈ നില വിട്ടു മലബാറിൽ ഭൂമിദേവി പ്രസന്നവദനയാകേണമെങ്കിൽ കർഷകൻ ഭൂമിക്കു ഭർത്താവാകണം; ജന്മിയുടെ അടിമയായാൽ പോരാ. നമ്മുടെ നടവടി നന്നല്ലാതെ നാം കഷ്ടപ്പെടേണ്ടിവന്നാൽ അതിന്നു് ഗവർമ്മേണ്ടിനെ കുററം പറഞ്ഞിട്ടെന്തു കാര്യമാണു് ?

## തറവാട്ടു്

രണ്ടാമതു, പുരാതനമായി മലബാറിൽ നടപ്പുള്ള തറവാട്ടുഭരണം റടപ്പാക്കണം. അമ്മാമൻ തറവാട്ടുമുതലെല്ലാം കട്ടു അമ്മായിക്കു കൊടുക്കയാണെന്നു് പറഞ്ഞതുകൊണ്ടു തറവാട്ടു പൊളിക്കുവാനുള്ള നിയമങ്ങൾ പാസ്സാക്കുവാൻ തക്കതായ കാരണമായില്ല. കാലിന്മേൽ കുരുവന്നാൽ ആരെങ്കിലും കാല്മുറിച്ചു കളയുവാൻ ശ്രമിക്കുമോ ? കാലവൈഭവം കൊണ്ടു തറവാട്ടുഭരണം ദുഷിച്ചില്ലെന്നു് ആരും പറയുന്നില്ല. ദുഷിച്ച തറവാട്ടുകളെ നന്നാക്കുവാനും, എല്ലാ തറവാട്ടുകളേയും നല്ലനിലയിൽ നിലനിർത്തുവാനും ഉതകുന്ന ഒരു തറവാട്ടുഭരണനിയമമെ ആവിശ്യമുണ്ടായിരുന്നുള്ളു. പക്ഷെ, ഇതിന്നു പകരം എലിയെ ചുട്ടുവാൻ വേണ്ടി ഇല്ലം ചുട്ടു. എന്നിട്ടോ? തറവാട്ടിന്റെ രക്ഷയും, ശിക്ഷയും, സംസ്കാരവും യാതൊന്നുമില്ലാതെ മലബാറിലെ യുവതിയുവാക്കന്മാർ ചുക്കാനില്ലാത്ത തോണിപോലെയായി; മേല്പുരയില്ലാത്ത വീടുപോലെയായി; പെരുവഴിയിൽ കെട്ടിത്തൂക്കിയ ചെണ്ടപോലെയായി; യഥാർത്ഥത്തിൽ അനാഥകളായി. ഈയൊരു സ്ഥിതിക്കു മാററം വരില്ലെന്നുണ്ടോ ? വരും; തീർച്ചയായും വരും. നമുക്കു ന്യായമായ ഒരു തൊഴിൽ കൃഷിയാണെന്നുള്ള ബോധത്തോടുകൂടി നമ്മുടെ നാട്ടിൽ കുറെ ആണുങ്ങൾ ഉണ്ടാകണം. അങ്ങിനെയുള്ള ആണുങ്ങൾ ഇന്നു് യുദ്ധരംഗങ്ങളിലാണു് കിടക്കുന്നതു്. അവർ അവിടെനിന്നു് മടങ്ങി നാട്ടിലെത്തണം. എത്തിയാൽ അവരെല്ലാവരും വക്കീലന്മാരാകുന്നവരല്ല; മററുദ്യോഗങ്ങളിൽ അവരെ പ്രവേശിപ്പിക്കത്തക്ക സ്ഥിതി ഗവർമ്മേണ്ടിന്നുമില്ല. അവരുടെ നിവൃത്തിമാർഗ്ഗം കൃഷിയിലാണു്. അവർ കൃഷി ചെയ്യുന്ന ഭൂമിയിൽ പൂർണ്ണമായ ഉടമസ്ഥാവകാശം, യഥാർത്ഥ ഭർത്തൃപദം, അവർക്കു ഗവർമ്മേണ്ടു കൊടുക്കേണ്ടിവരും. അക്കാലത്തു മലബാറിലെ ഭൂമി സസ്യസമൃദ്ധയാകും. മലബാർ സമുദായം ഐശ്വര്യത്തിലാറാടും. മലബാർ തറവാടുകൾ തീർച്ചയായും രണ്ടാമതും ആവിർഭവിക്കും. കേരളസംസ്കാരം ഒന്നുകൂടി ലോകമൊക്കെ മാറെറാലികൊള്ളും. ശ്രീ ശങ്കരനും, തുഞ്ചനും, കുഞ്ചനും ഉണ്ണായിയും ഇനിയും അവതാരം ചെയ്യും. കേരളത്തെ ഈവിധം വീണ്ടെടുക്കുന്ന ഒരു പരശുരാമനും കൂടി ഒരുപക്ഷെ ഉണ്ടായേക്കാം.

## കൃഷിസമൃദ്ധി

എന്തുകൊണ്ടു് അങ്ങിനെ ആയിക്കൂടാ ? മലബാറിൽ പ്രകൃത്യാ കൃഷിസമൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ എത്രയാണെന്നു് അറിയാമോ ? ഭൂമി ധാരാളം; അതോ, അതൊന്നാന്തരം. പോരെങ്കിൽ, ആവശ്യമുള്ളേടത്തോളം തോലും വളവും കിട്ടുന്ന കാടുകളും ധാരാളം. കർഷകത്തൊഴിലാണെങ്കിൽ ഈ സംസ്ഥാനത്തിലേക്കു് വേണ്ടത്ര മലബാറിൽ മാത്രം കിട്ടുവാനുണ്ടു്. അവരുടെ കരകൌശലവും പ്രകൃതിജ്ഞാനവും ആലോചിച്ചാൽ യഥാർത്ഥത്തിൽ അസാമാന്യമാണു്. കൃഷി ഇപ്പോളുള്ളതിലും കുറെക്കൂടി പുഷ്ടിപ്പെടുത്തത്തക്ക മൂലധനം മാത്രമെ നമ്മുടെ കൃഷിക്കാർക്കാവശ്യമുള്ളൂ. പത്തു കൊല്ലം ന്യായമായ കൃഷി നടത്തി അതിന്റെ ന്യായമായ ഒരു പങ്കു് യാതൊരു മുടക്കങ്ങളുമില്ലാതെ അനുഭവിക്കാനുള്ള സ്വാതന്ത്ര്യം അവർക്കു് ലഭിക്കുന്നപക്ഷം കേരള കർഷകസമുദായത്തിന്നു് വേണ്ട മൂലധനവും അവരുടെ കൈവശംതന്നെയുണ്ടാവുകയും ചെയ്യും. ചോറും കഞ്ഞിയും മാത്രം കഴിച്ചു് മലബാറിലെ സമുദായം ജീവിക്കേണ്ടിവരുന്നതാണെങ്കിൽ ഒരുപക്ഷെ സുഭിക്ഷമായി ഭക്ഷിക്കാനുണ്ടായില്ലെന്നു വന്നേക്കാം. പക്ഷെ, മലബാറിൽ ഭൂമിയുടെ പ്രകൃതി അങ്ങിനെയുള്ളതല്ല. എന്തു വിളയും മണ്ണിൽനിന്നെടുക്കാവുന്നതാണു്. നെല്ലിന്നുപുറമെ സസ്യാദികളും പുന്തോ, പയറുവർഗ്ഗങ്ങൾ മുഴുവനും, ചേന, കിഴങ്ങു്, കാവത്തു്, പൂളക്കിഴങ്ങു്, മുതലായ കിഴങ്ങുകളും വിളയിക്കുവാൻ മണ്ണിന്നുള്ള പ്രാപ്തി എത്രയാണെന്നു പറഞ്ഞാലാവുകയില്ല. അനുഭവങ്ങൾ ഇന്നെടുക്കുന്നതിലും അധികമായി മലബാറിലെ മണ്ണിൽനിന്നു് കിട്ടുവാൻ സാധിക്കും. അവിടേക്കു വേണ്ടത്ര ഉപയോഗിച്ചതിന്നുശേഷം ഈ അനുഭവവിഭവങ്ങളെ വിക്രയം ചെയ്വാനും വില്പനക്കും ഉള്ള സ്ഥിരമായ ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കേണമെന്നേയുള്ളൂ. ഇതിനെ സംബന്ധിച്ചു് ഒരൊററ ഉദാഹരണം ആലോചിച്ചാൽ മതി. പൊന്നാനി താലൂക്കു്, വളാഞ്ചീരി അംശത്തിൽ കൈതച്ചക്ക ധാരാളം ഉണ്ടാകുന്നു. ഈ അനുഭവം കുറെയെല്ലാം മനുഷ്യരും, കുറെ ആടുകളും മാടുകളും തിന്നുതീർക്കുന്നതല്ലാതെ ഡിസ്ത്രിക്കിലുള്ള നഗരസ്ഥലങ്ങളിലൊ, ഡിസ്ത്രിക്കിൽനിന്നു് പുറമെ കൊണ്ടുപോയി മദിരാശി, ബോംബെ, കൽകത്ത ഈ



കൊച്ചി കായലിൽ മത്സ്യം പിടിക്കുന്ന സമ്പ്രദായം

നഗരങ്ങളിലൊ വില്പനക്കുള്ള യാതൊരേർപ്പാടും ഇല്ലാത്തതിനാൽ ഇതിനെ കുറെക്കൂടി പുഷ്ടിയായ നിലയിൽ കൃഷിച്ചെയ്യുണ്ടാക്കുവാനുള്ള ഉത്സാഹം കൃഷിക്കാക്കില്ല. പഴം കേടുവരാതെ ദൂരദേശങ്ങളിലെത്തിക്കുവാനുള്ള മാർഗ്ഗം റെയിൽവെ കമ്പിനിക്കാർ ചെയ്യുതരുന്നപക്ഷം ദിവസം ഒന്നിന്നു് മൂന്നു വാഗൺ കൈതച്ചക്കവീതം അതു് മൂത്തു് പഴുക്കുന്ന കാലങ്ങളിൽ കുററിപ്പുറം സ്റ്റേഷനിൽ എത്തിച്ചുകൊടുപ്പാൻ തെയ്യാ

വളരെ കാലം പട്ടിണികിടന്ന ഒരു നേന്ത്രക്കായുടെ സ്വരൂപം മാത്രം. ഈ വിധം കേരളത്തിന്നൊട്ടാകെ കേളികേൾപ്പിക്കുന്ന നേന്ത്രക്കായക്കു അന്യരാജ്യങ്ങളിൽ വില്പനക്കുള്ള മാർഗ്ഗങ്ങൾ ഉണ്ടാകുന്നപക്ഷം ഇന്നുണ്ടാകുന്നതിലും പത്തിരട്ടി അധികമായി മലബാറിൽ കൃഷി ചെയ്യാം. അസംസ്കൃതരീതിയിലുള്ള ചെലവിന്നു പുറമെ, വരട്ടി ജാം ആക്കീട്ടും, ശർക്കര ഉപ്പേരിയാക്കിട്ടും കയററുമതി



കണ്ണനുണ്ണി കാക്കുന്ന കാലി കൂട്ടമാണോ ഇതു്! കേരളീയർ അല്പമൊരു ശ്രദ്ധ തങ്ങളുടെ പ്രദേശത്തുള്ള ഗോവൃന്ദത്തിൽ പതിപ്പിച്ചാൽ കേരളത്തിന്നിതു് നല്ലൊ രൈശ്വര്യമാണു്. ഇവക്കു സുലഭമായി ഭക്ഷണത്തിന്നുള്ളതെല്ലാം പ്രകൃതി ദേവി തന്നെ ധാരാളം നല്കിയിരിക്കുന്നു.

റാണെന്നു് അപ്രദേശത്തെ ഒരു മാന്യൻ ഒരിക്കൽ പറകയുണ്ടായിട്ടുണ്ടു്. വേണമെങ്കിൽ ഇതൊന്നും പ്രയാസമുള്ള സംഗതികളല്ല. കാബൂളിൽ ഉണ്ടാകുന്ന പഴങ്ങൾ കൽക്കത്തയിൽ അല്പമെങ്കിലും കേടുതട്ടാതെ എത്തിച്ചു അവയെ വില്പനക്കുള്ള ഏർപ്പാടുകൾ ഇന്നും നടന്നുവരുന്നില്ലെ?

### നേന്ത്രപ്പഴം

കൈതച്ചക്കയുടെ കാര്യം ഒരുദാഹരണമായി പറഞ്ഞതെ വെന്നേയുള്ളൂ. എന്നാൽ മലബാറിൽ ഏററവും പ്രധാനമായതും, അന്യരാജ്യക്കാർക്കു് തിന്നാൽ മടുപ്പുവരാത്തതുമായ ഒരു പ്രധാന ഫലം നേന്ത്രപ്പഴമാകുന്നു. അന്യരാജ്യക്കാർ എത്രതന്നെ ശ്രമിച്ചിട്ടും ഈ പഴം അവിടങ്ങളിലുണ്ടാക്കുവാൻ അവർക്കു് സാധിച്ചിട്ടില്ല. കാവേരി നദിയുടെ തീരങ്ങളിലായി പലേടങ്ങളിലും നേന്ത്രക്കായ ഉണ്ടാക്കുവാൻ ജനങ്ങൾ ശ്രമിച്ചിട്ടും ഇതേവരെ പ്രസ്തുത ശ്രമം അനുഭവപ്പെട്ടിട്ടില്ല. നേന്ത്രക്കായയുടെ സ്വരൂപത്തിൽ ഒരു കായയുണ്ടാകുന്നുണ്ടു്. പക്ഷെ, ഘനത്ത തോലിന്റെ ഉള്ളിൽ പൊന്നൻകായയുടെ ഉള്ളിലുള്ള മാതിരി അല്പം കുറച്ചു് കാമ്പും ഉണ്ടായിരിക്കും. ഭക്ഷണം കഴിക്കാതെ

ചെയ്യുന്നപക്ഷം അമേരിക്കയിൽ ഡിന്നറിന്നിരിക്കുന്ന സായിപ്പിന്നു കൂടി ഈ രണ്ടു സാധനങ്ങളും അത്യാവിശ്യമായി തീർന്നേക്കും; കേരളത്തിന്റെ അഭിവൃദ്ധി നേന്ത്രക്കായിൽ നിന്നു മാത്രം ഉണ്ടാവുകയും ചെയ്യേക്കും. നേന്ത്രക്കായ പോലെത്തന്നെ ജാമിന്നും വറുക്കാനും വളരെ വിശേഷമായിട്ടുള്ളതാണു് ചക്ക. ജാമിന്നു പററിയ മറെറാരു സാധനമാണു് കൈതച്ചക്ക. വറക്കുവാൻ പററിയ ഒരു മഹാ ചൈതന്യ വസ്തുവാണു് ചേന. എന്തിനേറെ പറയുന്നു; മലബാറിലുണ്ടാകുന്ന ഏതൊരു വസ്തുവും സംസ്കൃതമായും അസംസ്കൃതമായും, ഭക്ഷണസാധനമായും വ്യവസായ പദാർത്ഥമായും ഉപയോഗിക്കാവുന്നവയാകുന്നു.

### നാളികേരം

നേന്ത്രക്കായപോലെത്തന്നെ ഒരു കേരളശ്രീയാണു് നാളികേരം. കുറച്ചുകാലമായി ഭക്ഷണവിളയെന്ന സ്ഥാനം ഉപേക്ഷിച്ചു് ഒരു വ്യവസായ വിളയുടെ സ്ഥാനം സ്വീകരിച്ചിരിക്കയായിരുന്നു നാളികേരം. പ്രത്യേകിച്ചു് കഴിഞ്ഞ യുദ്ധാനന്തരം ഉണ്ടായ തേങ്ങവില കയററത്തിൽ തെങ്ങു് കൃഷി

## കൊച്ചി തുറമുഖം



കേരളത്തിലെ ഐശ്വര്യത്തിൻെറ പടിവാതിൽ

വർദ്ധിച്ചതിന്നു് ഒരു കയ്യും കണക്കുമില്ല. അനവധി പ്രദേശങ്ങളിൽ കണ്ടങ്ങൾ നൂത്തിട്ടുകൂടി തെങ്ങിൻതൈ വെച്ചു് പിടിപ്പിച്ചു. പക്ഷേ ഈ വിലകയററമൊന്നും ശാശ്വതമല്ലായിരുന്നു. നാളികേരം അന്യദിക്കുകളിൽ ധാരാളം വിളയുവാൻ തുടങ്ങിയതിന്നുപുറമെ, വെളിച്ചെണ്ണ കൊണ്ടുള്ള ഉപയോഗം മററു് ഏതെണ്ണ കൊണ്ടും നടത്താമെന്നുള്ള ഒരു സ്ഥിതിയായി. ഈ എണ്ണക്കാണു് സിന്തററിക്കു് ഓയൽ എന്നു പറയാറു്. ഏതെണ്ണയും ശുദ്ധിചെയ്യുട്ടത്തു് വെളിച്ചെണ്ണയുടെ ഉപയോഗം നടത്താമെന്നു വന്നതിനാൽ വെളിച്ചെണ്ണയുടെ ആവിശ്യവും വളരെ കുറഞ്ഞുപോയി. തേങ്ങക്കു വില ചുരുങ്ങി. തേങ്ങയുടമസ്ഥന്മാർ ലഹള കൂട്ടുവാൻ തുടങ്ങി. എന്നിട്ടെന്തു കാര്യം? യുദ്ധം കഴിഞ്ഞു് ന്യായമായ കാലം വന്നാൽ കൂടി നാളികേരത്തിന്നു് വിലകയററം ഉണ്ടാകുമെന്നു് തോന്നുന്നില്ല. എന്നാൽ ഇതുകൊണ്ടു് നാളികേരകൃഷി ആരും വേണ്ടെന്നു വെക്കേണ്ടാ. കച്ചവടം ചെയ്വാൻ മാത്രം ഉദ്ദേശിച്ചു് ആരും ഈ കൃഷി തുടങ്ങേണ്ടതന്നെ ഉള്ളൂ. നാളികേരം ഇന്നലേയും, ഇന്നും, നാളേയും കേരളത്തിന്റെ ഒരുത്തമ ഭക്ഷ്യസാധനമാണു്. കേരളസന്താനങ്ങൾ വേണ്ടത്ര ഭക്ഷിച്ചു കഴിഞ്ഞാൽ ബാക്കിയുള്ള കേരഫലം വല്ല വ്യവസായത്തിലും ഏപ്പെടുത്തട്ടെ; തേങ്ങ കൊണ്ടുള്ള സംസ്കൃത പദാർത്ഥങ്ങൾക്കു അന്യരാജ്യങ്ങളിൽ പ്രചാരം വർദ്ധിച്ചവെന്നും വരാം. അതെല്ലാം ചരക്കു് മിട്ടുക്കും ചെട്ടി മിടുക്കും അനുസരിച്ചിരിക്കും.

## പൂളോക്കിഴങ്ങു്

പൂളോക്കിഴങ്ങു് താരതമ്യേന കേരളത്തിൽ പുതുതായി വന്നിട്ടുള്ള ഒരു ഭക്ഷണപദാർത്ഥമാണു്. പക്ഷേ പുതുതാണെങ്കിലും കുറേക്കാലമായി തിരുവിതാംകൂറിലെ ജനസംഖ്യയിൽ വലുതായ ഒരു ഭാഗത്തിന്റെയും, യുദ്ധം തുടങ്ങിയതിന്നുശേഷം കൊച്ചി, ബ്രിട്ടീഷ് മലബാർ എന്നീ രാജ്യങ്ങളിലെ അനേകായിരം ജനങ്ങളുടെയും ക്ഷാമനിവാരണം വരുത്തീട്ടുള്ള ഒരു സാധനമാണിതു്. ഇങ്ങിനെയൊരു ദിവ്യവസ്തു ഇക്കാലങ്ങളിൽ സുലഭമായി കൃഷി ചെയ്യുിരുന്നില്ലെങ്കിൽ എത്ര ലക്ഷം ജനങ്ങൾ കേരളത്തിൽ യാതൊരു ഭക്ഷണവുമില്ലാതെ ചാവാനിടവന്നിരിക്കുമെന്നു് ഊഹിക്കപോലും വയ്യ. എന്നാൽ ഇന്നും ഇതു് ഒരു ദരിദ്രന്റെ ഭക്ഷണമായിട്ടെ കരുതിട്ടുള്ളൂ. അതു് പോരാ; ഈ ഭക്ഷണം കുചേലനും കുബേരനും ഒരുപോലെ ഭക്ഷിക്കാവുന്നതാണെന്നു് സമുദായ നടവടികൊണ്ടു് വരുത്തിക്കൂട്ടണം. കേരളത്തിലെ രാജകുഡുംബങ്ങളുടെയും ജന്മികുഡുംബങ്ങളുടെയും ദിനചര്യയിൽ പൂളോക്കിഴങ്ങിന്നും ഒരു സ്ഥാനം നൽകുവാൻ അവർ തീർച്ചയാക്കണം. ഈ കിഴങ്ങിന്നു കേരളത്തിലെ ഭക്ഷണപദാർത്ഥങ്ങളിൽ ഒരു തറവാടിത്തം സ്ഥാപിക്കാനുള്ള സർവ്വ പരിശ്രമങ്ങളും നാം ചെയ്യണം.

## മത്സ്യം


കേരളത്തിൽ ഏററവും സുലഭവും ആരോഗ്യകരവുമായ മറെറാരു ഭക്ഷണപദാർത്ഥമാണു് മത്സ്യം. വിശിഷ്യ കടലോരങ്ങളിലുള്ള പ്രദേശങ്ങളിൽ രണ്ടുനേരവും ഒരു പ്രധാന ഭക്ഷണവകുപ്പു് മത്സ്യമാകുന്നു. ചെലവിന്നു് ചുരുക്കമുണ്ടെന്നുമാത്രമല്ല, നെയ്യു്, പാൽ, മോരു് മുതലായ ഗുരുത്വപദാർത്ഥങ്ങൾ ഭക്ഷിക്കാൻ സാധിക്കാത്ത സാധുക്കൾക്കു് ഇതു എത്രയോ ആരോഗ്യപ്രദമായ ഭക്ഷണവുമാണു്.




യുദ്ധകാലത്തു് കേരളത്തിലെ സാധുജനങ്ങൾക്കു് ക്ഷാമനിവാരണം അനുഗ്രഹിച്ചു് നല്കിയ പൂളോക്കിഴങ്ങേ, നിനക്കു സർവ്വമംഗളം ഭവിക്കട്ടെ!

### കൃഷിയും മററു തൊഴിലുകളും

കൃഷിക്കു് എത്രയൊ യോജിച്ചതും, പ്രത്യേകം യാതൊരദ്ധ്വാനവുമില്ലാതെ നടത്താവുന്നതുമായ തൊഴിലുകളാണു് പാലു്, മോരു്, നെയ്യു് മുതലായവകൊണ്ടുള്ള കച്ചവടം, പശുവിനെ വളത്തുക, വ്യാപാരം ചെയ്യുക, കോഴിയെ വളത്തുക, വ്യാപാരം ചെയ്യുക, മുട്ടക്കച്ചവടം മുതലായിട്ടുള്ള പ്രവൃത്തികൾ. ഇവയെ



നേന്ത്രക്കായ



ഒരു പൂളോത്തറിയുടെ ചുവട്ടിലുള്ള കിഴങ്ങാണിതു് !

സംബന്ധിച്ചു് പ്രത്യേകം അദ്ധ്വാനമൊ, ചെലവൊ വേണ്ടെന്നുമാത്രമല്ല, ഇവയിൽനിന്നുള്ള ലാഭം കൃഷിത്തൊഴിലിന്നു് പ്രത്യേകം ഒരാകഷ്ണം കൂടിയുണ്ടാക്കിത്തീക്കുന്നു തിരുവിതാംകൂറിൽനിന്നുമാത്രം മദിരാശിക്കു ഒരു മാസം രണ്ടു ലക്ഷത്തോളം മുട്ടകൾ റെയിൽമാഗ്ഗമായി ഇറക്കുമതിചെയ്യുന്നുണ്ടു്. കൊച്ചി, ബ്രിട്ടീഷു മലബാർ മുതലായ സ്ഥലങ്ങളിൽനിന്നും ഇതേമാതിരി മുട്ടകച്ചവടം നടത്തുവാൻ സാദ്ധ്യമാണു്.

നമ്മുടെ സ്ഥിതി അല്പംകൂടി നന്നാക്കേണമെന്നുള്ള ഒരു ശ്രദ്ധ മാത്രമെ ഈ കാൎയ്യങ്ങളിൽ നാം പതിപ്പിക്കേണ്ടതുള്ളു; എന്നാൽ അവയെല്ലാം തന്നെത്താൻ നടന്നു പോകുന്നതാണു്.

### കൊച്ചി തുറമുഖം

കേരളക്കര പടിഞ്ഞാറെ കടലോരത്തുതന്നെയാണു് സ്ഥിതിചെയ്യുന്നതെങ്കിലും കേരളത്തിനെ സൎവ്വരാജ്യങ്ങളുമായി ഏററവും ഐക്യതയിൽ ബന്ധപ്പെടുത്തുന്ന ഒരു മാഗ്ഗമാണു് കൊച്ചിതുറമുഖം. കേരളത്തിൻെറ പഴയ ചരിത്രത്തിൽ കൊടുങ്ങല്ലൂർ, കോഴിക്കോടു മുതലായ തുറമുഖങ്ങൾ പ്രാധാന്യം വഹിച്ചതിൽ എത്രയോ ഉപരിയായിരിക്കും ഭാവിചരിത്രത്തിൽ കൊച്ചി തുറമുഖത്തിന്നുള്ള സ്ഥാനം. കേരളത്തിൻെറ ഐശ്വൎയ്യത്തിന്നുള്ള പടിവാതലാണു് ഇതു്. ഈ തുറമുഖം എന്നും മേല്ക്കുമേൽ വിജയിക്കട്ടെ !

### നന്ദിപറയുന്നു

ഈ ലക്കത്തിൽ ചേത്തുകാണുന്ന ചിത്രങ്ങൾ മുഴുവനും ഞങ്ങൾക്കു് കൊച്ചി ഗവമ്മേണ്ടിൻെറ ഇൻഫോർമേഷൻ ഓഫീസറുടെ ഔദാൎയ്യംകൊണ്ടു് ഉപയോഗിക്കാൻ സാധിച്ചതാണു്. ഇവയെയെല്ലാം യുദ്ധസഞ്ചികയുടെ വിശേഷാൽ പ്രതിയുടെ ആവശ്യത്തിന്നയച്ചതന്നതാണെങ്കിലും, ഇവിടെ കിട്ടുവാൻ അല്പം വൈകിപ്പോയതിനാൽ ഇന്നെത്തെ ലക്കത്തിൽ ചേത്തുവെന്നെ ഉള്ളു. മേലിലും ഇത്തരത്തിലുള്ള സൎവ്വ സഹായങ്ങളും ഞങ്ങൾക്കു് കൊച്ചി ഗവമ്മേണ്ടിൻെറ ഇൻഫോർമേഷൻ ഡിപ്പാട്ടുമെണ്ടിൽ നിന്നുണ്ടാകുമെന്നു് ഞങ്ങൾ പൂണ്ണമായി വിശ്വസിക്കുന്നു.



ഇക്കാണുന്നതെല്ലാം കോഴിമുട്ടയാണേ ! കൃഷിയുടെ വലിയ ചങ്ങാതിയായ ഒരു കൈത്തൊഴിൽ ആണു് ഇതു്

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ജനുവരി 21-ാംനു, വെള്ളിയാഴ്ച


## റഷ്യ

റഷ്യയിൽ വർഷകാലസമരം അതിഭയങ്കരമാകുന്നു. പോളണ്ടിൽക്കൂടിയുള്ള റഷ്യൻ ജനറൽ വററൂററിൻെറയും സൈന്യത്തിൻെറയും പുരോഗതിക്കു ഒരു തടസ്ഥവുമില്ല. ഈ സൈന്യത്തിൻെറ ലക്ഷ്യം ജർമ്മനിയുടെ തലസ്ഥാനമായ ബർലിൻ നഗരി തന്നെയാകുന്നു. ഇവർ പോളണ്ടിലെ നഗരിയായ സാർണി പിടിച്ചു മുന്നോട്ടു ഗമിക്കുന്നു. മറെറാരു റഷ്യൻസൈന്യം വിന്നിററ്സാ നഗരിക്കടുത്തു വെച്ചു ജർമ്മൻ സൈന്യശക്തിയെ ഉന്മൂലനാശം ചെയ്തുകൊണ്ടുവരികയും ചെയ്യുന്നു. വിന്നിററ്സാ റുമേനിയക്കടുത്ത നഗരിയാണു്. ഈ റഷ്യൻസൈന്യം റുമേനിയായുടെ അതൃത്തി പ്രദേശത്തെത്തിയെന്നു തന്നെ വേണം പറവാൻ. മൂന്നാമതൊരു റഷ്യൻ സൈന്യം ബ്ലാക്ക്സീയിന്മേലുള്ള ഒഡീസ്സാ തുറമുഖത്തേക്കാണു കുതിക്കുന്നതു്. ഇവിടെയും ജർമ്മൻ സൈന്യത്തിൻെറ സ്ഥിതി വളരെ മോശമാണു്. ഈ വിധം റഷ്യയിൽ ബാക്കി കിടപ്പുള്ള ജർമ്മൻ സൈന്യത്തിന്നു് നാശം വന്നുചേരുന്നുവെന്നു മാത്രമല്ല, റഷ്യൻ സൈന്യം പലേ വഴികളിൽക്കൂടിയും ജർമ്മനിയിലേക്കു ചെന്നെത്തുവാനുള്ള ശ്രമവും തുടങ്ങിയിരിക്കുന്നു. റഷ്യൻ യുദ്ധരംഗം പലേ സ്ഥലങ്ങളിലുംകൂടി നിലനിർത്തിപ്പോരേണമെന്നുള്ള വിഷമസ്ഥിതിക്കു പുറമെ ജർമ്മൻസൈന്യത്തിന്നു യൂറോപ്പിൻെറ പടിഞ്ഞാറക്കരയിൽ ഐക്യകക്ഷി സൈന്യങ്ങൾ വന്നിറങ്ങുന്ന അവസരവും കാത്തുനില്ക്കാതെ കഴികയില്ല. ഹിററ്ലറുടെ വിഷമസ്ഥിതി ഊഹിക്കാൻപോലും വയ്യാത്ത നിലയിലാണിപ്പോളിരിക്കുന്നതു്.

---

## ബാൾക്കൻസ്

ഇററലിയിലെ യുദ്ധഗതി വിചാരിച്ചത്ര വേഗത്തിലാകുന്നില്ലെന്നു് പറഞ്ഞു, അനവധി ആളുകൾ അക്ഷമന്മാരാകുന്നു. പക്ഷെ, യുദ്ധത്തിൻെറ യഥാർത്ഥസ്ഥിതിയറിയുന്നവർക്കു യാതൊരു പരിഭ്രമത്തിന്നും അവകാശമില്ല. യുദ്ധം വേണ്ട ദിക്കിൽ വേണ്ടത്രയല്ലേ ചെയ്യേണ്ടു. പങ്ങമ്മാമയുടെ കളിപോലെ പന്തലു് മുടക്കുവാൻ ആരും യുദ്ധം ചെയ്യേണ്ടല്ലോ. ഇററലി മുഴുവൻ പിടിച്ചുകഴിഞ്ഞാലും ഹിററ്ലറുടെ കോട്ടയിൽ എത്തുകയില്ല. ഐക്യകക്ഷികൾ ഇററലി മുഴുവൻ പിടിച്ചടക്കിക്കൊണ്ടുള്ള യുദ്ധത്തിന്നു തുനിയുന്നുണ്ടെന്നും തോന്നുന്നില്ല. ഐക്യകക്ഷികളുടെ യുദ്ധതന്ത്രത്തിൽ ഇററലിയുടെ തെക്കുഭാഗത്തിന്നു മാത്രമെ ഉപയോഗമുള്ളുവെന്നാണു് തോന്നുന്നതു്. മദ്ധ്യധരണിക്കടലിൽ ആധിപത്യം സ്ഥാപിക്കേണ്ടതിന്നു ഇതു അത്യാവിശ്യമാണു്. ഹിററ്ലറുടെ കോട്ടയുടെ വെടിമരുന്നറയെന്നു പറയാവുന്ന ബാൾക്കൻ പ്രദേശത്തു ഒരു കുതിയിൽ എത്തുവാനും ഇററലിയുടെ തെക്കൻ പ്രദേശം അത്യാവിശ്യമാണു്. ഐക്യകക്ഷികളുടെ ഈ രണ്ടാവിശ്യങ്ങളും നിറവേറിക്കഴിഞ്ഞിരിക്കുന്നു. ബാൾക്കൻ പ്രദേശത്തു യൂഗോസ്ലേവിയായുടെ കടതീരത്തിൽ ഐക്യകക്ഷി സൈന്യങ്ങൾ ചെന്നിറങ്ങിയിരിക്കുന്നുവെന്നും, അവർ യൂഗോസ്ലേവിയായിലെ സൈന്യനേതാവായ മാർഷൽ ടൈറേറാവിൻെറ സൈന്യത്തോടു സഹകരിച്ചുകൊണ്ടു ജർമ്മൻ സൈന്യങ്ങളുടെ ഗംഭീരമായ ഒരാക്രമണത്തെ തടയുന്നുവെന്നും ഉള്ള ഒരു മഹാവർത്തമാനം എത്രയോ ചെറിയ നിലയിൽ പ്രസ്താവിച്ചതിൻെറ ഗൌരവം ആരും അത്ര ഓർത്തിരിക്കയില്ല. ഓർത്തുനോക്കിയാലൊ, യുദ്ധത്തിൻെറ യഥാർത്ഥസ്ഥിതി മനസ്സിലാക്കുവാൻ വളരെ എളുപ്പവുമാണു്.

---

## പോളണ്ട്

പോളണ്ടിൻെറ കിഴക്കൻ അതൃത്തിവാദം ഇനിയും കലാശിച്ചില്ല. ഇതൊരു വാദവിഷയമാക്കി ഈ ഘട്ടത്തിൽ റഷ്യയോടേററുമുട്ടുന്നതിലും വലുതായ ഒരു വിഡ്ഢിത്തം ഇല്ല. ഇന്നത്തെ സ്ഥിതിക്കു പോളണ്ടിൽ എന്തു കാണിക്കുവാനും റഷ്യക്കു് പോളണ്ടുകാരുടെ മുഖം നോക്കേണ്ടാവിശ്യമില്ല. പോളണ്ടിൻെറ ഒരു ഭാഗം മുഴുവൻ 1939 ൽ റഷ്യയുടെ കൈവശം വരികയും അതിനെ ജർമ്മനി പിടിച്ചെടുക്കുകയും ചെയ്തു. പോളണ്ടിൻെറ മറെറ ഭാഗം 1939 മുതല്ക്കു ജർമ്മനിയുടെ കൈവശം തന്നെയാണുതാനും. പോളണ്ടിൻെറ കാര്യം പറവാൻ എണീട്ടു നില്ക്കുന്നവർ ഒരു സംഗതി മനസ്സിലാക്കണം; പോളണ്ടു് എന്നു പറയുന്ന രാജ്യംതന്നെ ഇല്ല ഇന്നു്. ആ രാജ്യം ജർമ്മനിക്കധീനവും റഷ്യൻ സൈന്യം ഇടിമിന്നലിൻെറ വേഗതയോടുകൂടി പിടിച്ചടക്കിക്കൊണ്ടുവരുന്നതുമാകുന്നു. ഈ വിധം വിജയലക്ഷ്മി മാലയിടുന്ന ഘട്ടത്തിൽ റഷ്യൻ സൈന്യത്തിന്നു പോളണ്ടുകാരുടെ അഭിപ്രായത്തെ വിലവെക്കേണ്ടാവശ്യമില്ല. എന്നാൽ റഷ്യക്കാർ ആച

(ശേഷം 16-ാം പേജിൽ)

# കഥകളിയിലെ ചില വേഷവിശേഷങ്ങൾ

സ്ത്രീവേഷം



ലളിത: ഈ വേഷം കൃമ്മീരവധം, നരകാസുര വധം, പൂതനാമോക്ഷം മുതലായ കഥകളിൽ ഉണ്ടു്. ലളിതയുടെ ശൃംഗാരം വിട്ടു് ബീഭത്സമാകുമ്പോഴാണു് "നെണം" എന്നു പറയുന്ന വേഷം പുറപ്പെടുന്നതു്

പച്ച സ്ത്രീവേഷം



ശ്രീകൃഷ്ണനും രുഗ്മിണിയുമാണു് ഇവർ രണ്ടാളും. ഇവർ കുചേലവൃത്തം കഥയിൽ ആടുകയാണു്.

താടി



ഈ വേഷമാണു് ചുവന്ന താടി. ബാലി, സുഗ്രീവൻ, ദുശ്ശാസനൻ മുതലായവർ ഈ വേഷത്തിലാണു്

# കഥകളി

## നാട്യകലക്ക് കേരളത്തിലെ ദേശീയ ജീവിതത്തിൽ പ്രധാന സ്ഥാനം

(ശ്രീമാൻ വിഷ്ണു നമ്പൂതിരി)

കേരളത്തിൽ ഏററവും ഫലപ്രദമായ പ്രചാരവേലക്ക് പററിയ ഒരു പ്രസ്ഥാനമാണ് കഥകളി. ഇതു് പണ്ഡിതൻെറയും പാമരൻെറയും ഹൃദയം ഒരുപോലെ കവരുന്ന ഒരു കലയാണു്. ആയിരം ലേഖനങ്ങൾ എഴുതീട്ടും, അത്ര പ്രസംഗങ്ങൾ ചെയ്തിട്ടും ഫലമില്ലെന്നു തോന്നുന്ന ഘട്ടത്തിൽക്കൂടി ഉദ്ദേശിച്ച വിഷയത്തെ കഥകളിസ്വരൂപത്തിൽ പ്രദൎശനം ചെയ്യുന്നപക്ഷം അനുഭവലബ്ധിവരാതെ കഴികയില്ല. അത്രത്തോളം കേരളത്തിലെ ദേശീയ ജീവിതത്തിൽ ഈ നാട്യകലക്ക് ഒരു സ്ഥാനം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇങ്ങിനെയുള്ള കലയേയും ദേശീയ സമരനിര പ്രചാരവേലയിലേക്ക് ഉപയോഗിച്ചുവരുന്നുണ്ടു്. എങ്കിലും അതുകൊണ്ടായില്ല. കീചകവധം, കാലകേയവധം, പൂതനാമോക്ഷം എന്നിങ്ങിനെയുള്ള കഥകൾ ആടുന്നതുപോലെത്തന്നെ ജൎമ്മൻവധം, ജാപ്പാൻവധം, പോളണ്ടുമോക്ഷം റഷ്യവിജയം എന്നീ കഥകളും ധാരാളമായി നടപ്പിൽ വരണം. കഥകളിയിലെന്നപോലെത്തന്നെ ചാക്യാർക്കൂത്തു്, പാഠകം, ഓട്ടംതുള്ളൽ മുതലായ അഭിനയ കലകളിലും ഈ പുതിയ തരം കഥകൾക്ക് ഒരു പ്രത്യേക സ്ഥാനമുണ്ടു്. ഇവയെ ധാരാളമായി ഉപയോഗിക്കുന്നതു് പ്രചാരവേലക്കു പ്രത്യേകം ശക്തികൂട്ടുന്നതായിരിക്കും.

കേരളീയരുടെ മനസ്സിനെ അത്രത്തോളം ആകൎഷിക്കുന്ന കലകളാണു് ഇവയെല്ലാം. പ്രത്യേകിച്ചു് കഥകളി അങ്ങിനെയുള്ളതാണു്. എന്നാൽ ഇത്രയൊക്കെ ആകൎഷണമുള്ള ഒരു വിഷയമാണെങ്കിലും, കാണികളിൽ ഒരു ശതമാനംകണ്ടു് ഗ്രാഹ്യശക്തിയുള്ളവരാണെങ്കിൽ ഭാഗ്യം. അഭിനയം കണ്ടു മനസ്സിലാക്കാൻ സാധിക്കയില്ലെങ്കിൽ പിന്നെ എന്തിനാണു് ഇവരെല്ലാം കഥകളി കാൺമാൻ വരുന്നതു് എന്തിനാണെന്നു് പറഞ്ഞുകൂടാ. പത്തോ പന്ത്രണ്ടോ നാഴിക വഴി നടക്കേണ്ടി വന്നാൽക്കൂടി മുത്തശ്ശിമാരും കുട്ടികളും കൂടിച്ചേൎന്നു് പായക്കെട്ടും പാളവിശറിയും എടുത്തു് കഥകളിസ്ഥലത്തു് എത്തിച്ചേരുന്നുണ്ടു്. ചെന്നുകഴിഞ്ഞാൽ പായയോ പരമ്പോ വിരിച്ചു് സ്ഥലം പിടിച്ചു. അൎദ്ധരാത്രിയാവുമ്പോഴേക്കും മിക്കവാറും ആളുകൾക്കു ഉറക്കമായി. അല്പം ചില കഥകളി ഭ്രാന്തന്മാർമാത്രം കണ്ണും തുറിച്ചിരിക്കും. ഇങ്ങിനെ ഉറക്കം ഒഴിച്ചിരിക്കുന്നവരിൽ ചിലക്ക് പാട്ടിലായിരിക്കും കമ്പം; ചിലക്ക് കൊട്ടിലായിരിക്കും; ചിലക്ക് വേഷക്കാരൻെറ അഭിനയത്തിലായിരിക്കും. ഇത്തരത്തിലുള്ള പ്രതിപത്തിയിലും വളരെ വ്യത്യാസങ്ങൾ ഉണ്ടു്. കൊട്ടിൽ കമ്പക്കാരിൽ ചിലക്ക് ചെണ്ടയിലായിരിക്കും, ചിലക്ക് മദ്ദളത്തിലായിരിക്കും. വേഷത്തിൻെറ അഭിനയകമ്പക്കാരായവരിൽ ചിലക്ക് അഭിരുചി ചങ്കരൻെറ പച്ചക്കായിരിക്കും, മററു ചിലക്ക് രാമൻെറ കത്തിക്കായിരിക്കും; മൂന്നാമതൊരു കൂട്ടക്ക് നാരായണൻെറ ആട്ടത്തിനായിരിക്കും; നാലാമതൊരു തരക്കാക്ക് കുഞ്ചുവിൻെറ നാട്യത്തിനായിരിക്കും. ഈവിധം പണ്ഡിതൻ മുതൽ പാമരൻ വരെയുള്ളവരുടെ ഓരോരുത്തൻെറയും ആസ്വാദനശക്തിക്കനുസരിച്ചു് ആനന്ദിക്കാനുതകുന്ന നാനാപ്രകാരത്തിലുള്ള രസവാസനകൾ അടങ്ങിയ മററൊരു കലയുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഇതിലൊന്നും രസമില്ലാത്തവക്കും കഥകളിരംഗത്തിൽ രസിക്കാനുണ്ടു്. നിൎവ്വിഘ്നമായി വെടിപറഞ്ഞിരുന്നു് വെളിച്ചാക്കുവാൻ നല്ലൊരു സന്ദൎഭം. ഉഷ്ണകാലമായതിനാൽ വീട്ടിനുള്ളിൽ കിടന്നു് വെന്തുരുകുന്നതിനേക്കാൾ മൊട്ടപ്പറമ്പിലോ പാടത്തോ പായയും വിരിച്ചു് കാററുകൊണ്ടു് കുഡുംബസഹിതം കിടന്നുറങ്ങാം. പ്രകാശത്തിനു വല്ല ചുകന്നതാടി വേഷമോ, കരിയോ മററോ ജനക്കൂട്ടത്തിൽക്കൂടി പാഞ്ഞുകളിക്കുന്നതിനാൽ ഉറങ്ങുന്നവരെ ഉണൎത്തുവാൻ വളരെ പ്രയാസമൊന്നും ഇല്ല. കളികഴിഞ്ഞാൽ വെളിച്ചാവുമ്പോൾ അവരവരുടെ ഗൃഹങ്ങളിലേക്കു് പത്തും പന്ത്രണ്ടും നാഴിക വഴി പിന്നെയും നടന്നു് ഉച്ചക്കു് ഉണ്ണാൻകാലത്തു് വീട്ടിലെത്താം.


എന്തൊരു കമ്പക്കാരാണു് ഇവരെല്ലാം, എന്നു് പരിഷ്കാരികൾ അഭിപ്രായപ്പെട്ടേക്കും. പക്ഷെ, ഈ അഭിപ്രായം സാരമില്ല. പ്രശാന്തസുന്ദരതയിൽ ലയിച്ചു് നിദ്രയെ പ്രാപിച്ചുകൊണ്ടു തന്നെയിരിക്കുന്ന നമ്മുടെ നാട്ടുപുറങ്ങളിൽ ഈവിധം ഉത്സാഹഭാരം നിറയുന്ന സന്ദൎഭങ്ങളല്ലാതെ മറെറന്തൊന്നാണുണ്ടാവാൻ വഴിയുള്ളതു്? അല്പകാലങ്ങളായി കോൺഗ്രസ്സുകാരുടെയും സ്കൂൾമാസ്റ്റർമാരുടെയും ചില ജാഥകളും കൂക്കും വിളിയുംകൂടി നാട്ടുപുറത്തുള്ള തമാശകളിൽ ചേൎന്നിട്ടുണ്ടെന്നു് മാത്രമെയുള്ളൂ. മലബാറിലെ നാട്ടുപുറങ്ങളിൽ ഇത്രത്തോളം ശാന്തതയാണെങ്കിലും, ഇതിലും ശാന്തതയുള്ള പ്രദേശങ്ങൾ ഇന്നും അവിടെയുണ്ടു്. ഞങ്ങടവിടെ ഗൃഹണോം, കഥളീം ഒന്നുംണ്ടാവെന്നെ പതിവില്ല, എന്നു പറയുന്നവരെ ഇന്നും ധാരാളം കാണാം. ആവൂ, ആവൂ, എന്തൊരു ശാന്തത! എന്തൊരു വൈക്ലബ്യം! കാരോടന്മാർ തേരോട്ടുന്ന രാജ്യങ്ങളിൽ കിടന്നു് കഷ്ടപ്പെടുന്നവൎക്കറിയാം ഇതിൻെറ യഥാൎത്ഥ സ്വാരസ്യം.

കഥകളിയെപ്പററി പലരും പലതും എഴുതിക്കഴിഞ്ഞിരിക്കുന്നു. ഭരതനാട്യം സൎവ്വജനങ്ങളും നടിക്കുവാൻ തുടങ്ങിയിരിക്കുന്നു. അഥവാ വല്ല നിൎഭാഗ്യവശാലും നടിക്കുവാൻ വയ്യാത്ത സ്ഥിതിയിലാണു് ഒരുവനെങ്കിൽക്കൂടി ഭരതനാട്യം അഭിനയിച്ചു കണ്ടാൽ അതിൻെറ രസം ആസ്വദിക്കാൻ സാധിക്കുന്നവനാണെന്നെങ്കിലും അഭിനയിക്കേണമെന്നാണു് ഇന്നെത്തെ പരിഷ്കാരം. ഈ ഭരതനാട്യഭ്രമത്തിൽ പലേ ഗോഷ്ഠികളും ആളുകൾ പുറംരാജ്യങ്ങളിൽ കാട്ടുന്നുണ്ടെങ്കിലും ഇതിലെല്ലാററിലും അസംബന്ധമായിട്ടുള്ളതു് മദിരാശിയിൽ ചില കഥകളിക്കാരെ കൊണ്ടുവന്നു് കഥകളി നടത്തുന്നതാണു്. തെററിദ്ധരിക്കേണ്ടാ; ആരും മുഷിയേണ്ടാ; പണ്ഡിതസമൂഹം പുലമ്പേണ്ട; എന്തൊരു കൎമ്മത്തിനും ഒരു രംഗം ഉണ്ടു് ഈ രംഗം നാം കെട്ടിച്ചമക്കുന്ന രംഗമല്ല. പ്രകൃതി തരുന്ന രംഗമാണു്. കഥകളിക്കു് ഏററവും കലപ്പില്ലാത്ത രംഗം ഒരു മൊട്ടപ്പറമ്പോ, കൊയ്ത്തു കഴിഞ്ഞു് ഒഴിഞ്ഞുകിടക്കുന്ന പാടമോ ആണു്. അന്തഃപുരത്തിലെ ശയനമുറിയും, മേശയും കസേലയുമൊന്നുമായാൽ കഥകളിക്കുള്ള രംഗമായില്ല. ഇതുപോലെത്തന്നെ ഒരു വീണവായനക്കച്ചേരി പാടങ്ങളിലും പറമ്പുകളിലു വെച്ചു് ആരും നടത്താറില്ല. എവിടെ വെച്ചിട്ടെങ്കിലും കഥകളി നടത്തിക്കൊള്ളട്ടെ. എനിക്കെന്താണു്? പക്ഷെ, കഥകളിയിൽ എണ്ണപ്പെട്ടവരെകൊണ്ടുവന്നു് ചില നാടകസ്ഥലങ്ങളിൽവെച്ചു് കളി നടത്തിയാൽ അനുഭവം ഉടനെ അറിയാറാകും. മൂത്തമനെ നമ്പൂതിരിയും വെങ്കിച്ചണ്ണാവും കൂടി ഒരു മേളപ്പദം കൊട്ടി കലാശിപ്പിച്ചു് ഇങ്ങോട്ടു് പിന്നോക്കം നിന്നാൽ കാണാം പുരയുടെ ഓടേല്ലാം ഉടഞ്ഞുവീണ് മോന്തായം തകരുന്നതു്. കഥകളിയെന്നു് പേരും പറഞ്ഞു് വല്ല ഗോഷ്ഠിയും എവിടെവെച്ചെങ്കിലും കാണിക്കാം. പക്ഷെ, ന്യായമായ ഒരു കഥകളിക്കു് ന്യായമായ രംഗംതന്നെ വേണം. മേളം ചെകിടു് പൊളിയാനും, ഓടു് പൊട്ടി വീഴുവാനും ഉള്ളതല്ല. വേഷക്കാരൻെറ ആട്ടത്തിന്നത്യാവശ്യമാണു്. കേരളത്തിലെ ഇന്നു് കേളികേട്ട ഒരു നടൻെറ ബകവധത്തിലെ ഭീമൻ; ബകനെ പോൎക്കുവിളി സന്ദൎഭം; മേളംകൊണ്ടു രംഗം നിറയാത്തതിനാൽ ബകനെ വധിക്കേണ്ട ഘട്ടമായപ്പോഴേക്കു് അദ്ദേഹം അരങ്ങത്തുനിന്നു പോയി, ഏതോ ഒരു ഏടത്തരം ഭീമനെ അയച്ചു് വധം കഴിപ്പിക്കുകയാണുണ്ടായതു്. ഈവക സന്ദൎഭങ്ങളുടെ സ്വാരസ്യം അറിയാതെ അവിടങ്ങളിലെല്ലാം ഒരു മൃദംഗം എടുത്തു കൊട്ടി ആട്ടം നടത്തുന്നവരെ പ്രകൃതിവിരുദ്ധമായി പ്രവൎത്തിച്ച കുററത്തിന്നു് ക്രിമിനൽ നടവടിയനുസരിച്ചു് ശിക്ഷിക്കേണമെന്നാണു് എൻെറ അഭിപ്രായം.

# മലബാറിലെ ഉത്സവങ്ങൾ

(കെ. സി. ആർ.)

തിരുവാതിരയും തണുപ്പും കഴിഞ്ഞു. മകരപ്പത്തു കഴിഞ്ഞതോടു കൂടി മരിക്കാനുള്ള സമയവും കഴിഞ്ഞു. മരിക്കുകയാണെങ്കിൽ മകരപ്പത്തിൽ മരിക്കണം; അതു കഴിഞ്ഞാൽ പിന്നെ മരിക്കാനുള്ള അവധി കഴിഞ്ഞു. ഇനി ഇങ്ങേത്തെ കൊല്ലത്തിൽ നോക്കിയാൽ മതി. അതുവരെ എന്താണ് ജോലി? ദീർഘിച്ച പ്രോഗ്രാം തെയ്യാറാക്കേണ്ടാ, വേനൽകാലം കഴിയുന്നതുവരെയുള്ള പ്രോഗ്രാം കരുതിയാൽ മതി. വേനൽ കഴിച്ചുകൂട്ടുവാൻ മലബാറിൽ യാതൊരു പ്രയാസവുമില്ല. ഉത്സവങ്ങളുടെയും പൂരങ്ങളുടെയും വേലകളുടെയും ലഹളയായി. ആന കുത്തി മരിക്കുവാൻ യോഗമില്ലെങ്കിൽ മലബാറിൽ വേനൽക്കാലത്തു പേടിക്കാനൊന്നുമില്ല. ഒരുത്സവം കഴിഞ്ഞാൽ മറേറതിന്നു പുറപ്പെടാം. ഇടക്കു ചില വേലയും പൂരവും ഉണ്ടാവുകയും ചെയ്യും. എല്ലാ ദിക്കിലും ബ്രാഹ്മണ അമ്പലവാസി സദ്യയുണ്ടെന്നാണ് വെച്ചിരിക്കുന്നതു്. ചിലേടങ്ങളിൽ സർവ്വാണിസദ്യയും ഉണ്ടത്രെ. ഈവിധം വേനൽ കഴിച്ചുകൂട്ടാം. ആനകളെമാത്രം സൂക്ഷിച്ചാൽ മതി. തൃശ്ശൂരിൽനിന്നൊരു കച്ചവടക്കാരൻ ആനക്കൊമ്പന്വേഷിച്ചു ഒരു ദേവസ്വം ഊരാളന്ന് എഴുതിയ എഴുത്തും മറുവടിയും ഞാൻ കണ്ടിട്ടുണ്ടു്. രണ്ടാനക്കൊമ്പു ഇവിടെയുണ്ടെന്നാണ് ഊരാളന്റെ മറുവടി. പക്ഷെ, തല്ക്കാലം ഈ രണ്ടു കൊമ്പും ദേവസ്വം ആന ആളുകളെ കുത്തുവാൻ ഉപയോഗിക്കയാണ്. ഉത്സവങ്ങളെല്ലാം കഴിഞ്ഞു ആനയുടെ ആവിശ്യം കഴിഞ്ഞാൽ തരുന്നതിന്നു വിരോധമില്ല, എന്നായിരുന്നു മറുവടി. പക്ഷെ, ആന കുത്തിയാലെന്താണ്? നക്ഷത്രമണ്ഡലത്തിന്ന് ചന്ദ്രനെന്നപോലെ; ഒരു യുവതിക്കു ഭർത്താവെന്നപോലെ; ഒരു രാജ്യത്തിന്നു രാജാവെന്നപോലെയല്ലെ ഉത്സവത്തിന്നു ആന? കേരളത്തിൽ നിക്കത്തുക്കമില്ലാതെയുള്ള ഈ നടവടികൊണ്ടു അനാഥസ്ഥിതിയെ സങ്കല്പിക്കുന്നതു തന്നെ ആനയില്ലാത്ത ഉത്സവംപോലെയെന്നായിരിക്കുന്നു. ഈ സങ്കല്പത്തിൽ യാതൊരു തെററുമില്ലെന്ന് തമിഴ രാജ്യങ്ങളിൽ നടക്കുന്ന ഉത്സവങ്ങൾ ഒന്ന് നോക്കിയാൽ മതി. തങ്കക്കുഴലിൽകൂടി രാഗങ്ങൾ പൊഴിഞ്ഞേക്കാം; തല്ലു കൊണ്ടു തകിൽ പൊളിയുകതന്നെ ചെയ്യേക്കാം; ദേവന്റെ എഴുന്നള്ളത്തു തങ്കപല്ലക്കിൽ തന്നെയായേക്കാം; എന്നിട്ടെന്താണ് കാര്യം? ആനപ്പുറത്തു കയററി എഴുന്നെള്ളിച്ച ദേവന്റെ കൊട്ടിച്ചെഴുന്നെള്ളത്തിന്നു ശരിയായി മനുഷ്യലോകത്തിൽ കണ്ണിന്നെ കവരുന്ന മറെറന്ത് കാഴ്ചയാണുള്ളത്! കിരാങ്ങാട്ട് കേശവൻ, കൊല്ലങ്ങോട്ടയ്യപ്പൻ, അങ്കരാത്താന, കൊട്ടിലിങ്ങൽ മാരാരുടെ ആന, ഇവരെല്ലാം സർവ്വാലങ്കാരയുക്തന്മാരായി നിലകൊള്ളുന്ന ഒരു സദസ്സിന്ന് ശരിയായി മറെറന്ത് സദസ്സാണുള്ളത്! ഇവരുടെ വംശത്തിൽ പേരെടുത്ത മററനവധി മഹാന്മാരെപ്പററിയുള്ള കഥകൾ കൊട്ടാരത്തിൽ ശങ്കുണ്ണി ഐതിഹ്യമാലയിൽ സവിസ്തരം എഴുതീട്ടുണ്ടെങ്കിലും അടുത്തകാലത്തു ഗജവംശ രാജാക്കന്മാർ മേൽ പറഞ്ഞവർ തന്നെയാണ്. ഇവരുടെ ഉടമസ്ഥന്മാരാണ് ഇവക്കു വേണ്ടത്ര പണം കൊടുത്തു വാങ്ങി രക്ഷിച്ചുപോരുന്നതെങ്കിലും കേരളത്തിലെ ഏതു സന്താനവും അഭിമാനം കൈക്കൊള്ളുന്ന ചില ജീവികളാണ് ഇവയെന്ന് നിസ്സംശയം പറയാവുന്നതാണ്.



തൃശ്ശൂർ വടക്കുനാഥ ക്ഷേത്രം

## അരാജകക്കക്ഷിയുടെ പ്രചാരവേല

വേലകളും, പൂരങ്ങളും, ഉത്സവങ്ങളും കഴിയുന്നത്ര ദുരുപയോഗപ്പെടുത്തി നാട്ടിൽ അരാജകത്വം വർദ്ധിപ്പിക്കാനായിട്ടുള്ള ശ്രമങ്ങൾ പലതും ചില കക്ഷികൾ ഇതിനിടയിൽ ചെയ്തുകഴിഞ്ഞു. കോൺഗ്രസ്സ് പ്രസംഗക്കാർ യാതൊരു ഉത്സവവും തെററിക്കാതെ പ്രസംഗങ്ങൾ ചെയ്തു നടന്നിരുന്നകാലം എനിക്കു ധാരാളം വിവരമുണ്ടു്. ഇവരെ ഉത്സവത്തിന്നുള്ള വാദ്യക്കാർ, തുള്ളക്കാർ ഇവരുടെകൂടെ ചാർത്തിയിരുന്നില്ലെന്ന് മാത്രമെ വ്യത്യാസമുള്ളു. ഒരു തവണ വള്ളുവനാട്ട താലൂക്കിൽ പച്ചായിൽ ഉത്സവകാലം. അഞ്ചു ദിവസത്തെ കഥകളിയും ഉണ്ടു്. ജനക്കൂട്ടം തടിച്ചു കൂട്ടുവാൻ ഇതിലും സൌകര്യമായ മററു സന്ദർഭമേതാണ്? ഒരു ദിവസം ഒരു ഡസൻ നേതാക്കന്മാർ വന്നെത്തിയെല്ലോ. എവിടെയെന്ന് ചോദിക്കാനില്ല. എന്നെ അവരെല്ലാവരും നിർഭാഗ്യവശാലറിയും. വൈകുന്നേരം അവർക്കു ഭക്ഷണം വേണം. രാഷ്ട്രീയ സന്യാസിമാരായതിനാൽ ഭിക്ഷാംദേഹി എന്നു ആരോടും പറയുവാൻ അവർക്കു മടിയുമില്ല. ശ്രദ്ധകൊണ്ടു അവരുടെ ചെലവു എന്റെ തറവാട്ടിൽ കണക്കെഴുതേണ്ടിവന്നു. രാത്രി കഥകളിയുണ്ടായിരുന്നതിനാൽ ഉത്സവസ്ഥലത്തു ഞാനും ചെന്നെത്തി. കളിക്കു വിളക്കു വെക്കുന്നതിന്നുമുമ്പു ആൽത്തറയുടെ മുകളിൽ ഇവരുടെ പ്രസംഗത്തിന്ന് വിളക്കുവെച്ചു. ബ്രിട്ടീഷു സാമ്രാജ്യത്തെ അടിച്ചുടക്കുകയാണെന്നായിരുന്നു പ്രസംഗങ്ങളുടെയെല്ലാം രത്നച്ചുരുക്കം. പച്ചായിൽ ഉത്സവത്തിന്ന് ആൽത്തറയുടെ മുകളിൽ കയറിനിന്ന് ഒരു കൈ മടക്കി മറെറ കയ്യിൽ കുത്തിയാൽ ഉടയുന്ന സാധനമല്ലാ ഈ സാമ്രാജ്യമെന്ന് സർവ്വ ജനങ്ങൾക്കും അറിയാമെങ്കിലും, പ്രാസംഗികന്ന് എന്തൊരു ധൈര്യമാണെന്നായിരുന്നു പലരുടെയും ഉറക്കെയുണ്ടായ അഭിപ്രായം. നിഷ്കളങ്കന്മാരായ നാടന്മാർക്കു ഇങ്ങനെയൊരഭിപ്രായം ഉണ്ടായതിൽ ഒട്ടും തെററില്ല. രാഷ്ട്രീയകാര്യങ്ങളിൽ അവർക്കുള്ള കാര്യബോധം അത്ര തുച്ഛമായതാണ്. ഈ വിധം അഹോരാത്രം പ്രസംഗിച്ചു നടന്നു ഈ നേതാക്കന്മാർ നമ്മുടെ നാട്ടു കുട്ടിച്ചുവരാക്കികഴിഞ്ഞിരിക്കുന്നു. കഴിയുന്നത്ര വിഷം ഇവർ സമുദായ തടിക്കു ഏല്പിച്ചിട്ടുണ്ടു്. ഇതിനെ ഇല്ലാതാക്കുവാനുള്ള സർവ്വതോമുഖമായ പരിശ്രമം നാം ചെയ്യേണ്ടതുള്ളതിൽ ഏററവും പ്രധാനമായ ഒരു അംഗമാണ് ഇനി ഇവിടുന്നങ്ങോട്ടു വേനൽകാലം കഴിയുന്നതുവരെയുള്ള ഉത്സവങ്ങൾ, വേലകൾ, പൂരം മുതലായവ. ഇക്കാര്യത്തിൽ മലബാറിലെ ദേശീയ സമരനിര പ്രത്യേകം ശ്രദ്ധവെക്കുമെന്നാണ് ഞങ്ങളുടെ ബോദ്ധ്യം.

## തൃശ്ശൂർ പൂരം

നദികളിൽ ഗംഗ, മലകളിൽ ഹിമവാൻ, കറികളിൽ കാളൻ, എന്ന് പറയുംപോലെയാണ് പൂരങ്ങളിൽ തൃശ്ശൂർ പൂരം. ഈ പൂരസ്ഥലത്തു വേണ്ടത്ര പ്രചാരവേലക്കു സ്റേററിലെ ദേശീയ സമരനിരതന്നെ ധാരാളം മതി. എങ്കിലും അവരോടൊന്നിച്ചു നമ്മുടെ പരിശ്രമങ്ങളും ധാരാളം നടത്താവുന്നതാണ്. തൃശ്ശൂർ പൂരം കൊച്ചിരാജ്യത്തു വെച്ചാണെങ്കിലും കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ജനങ്ങൾ ലക്ഷക്കണക്കായി അവിടെ വന്നുചേരുന്നതായിരിക്കും. ഇതുപോലെ മറെറാരു പൂരം ഉള്ളതു ആറാട്ടുപുഴയാണ്. ഇതും കൊച്ചിരാജ്യത്താകുന്നു. മൂന്നാമതൊരു മഹോത്സവസന്ദർഭം കൊടുങ്ങല്ലൂർ ഭരണിയാണ്. ഇതും കൊച്ചിരാജ്യത്താണ്. ഇതു മൂന്നും കഴിഞ്ഞാൽ കേരളത്തിലെ ഒന്നാംകിട പൂരങ്ങളെല്ലാം കഴിഞ്ഞു. ഇതുപോലെതന്നെ അനവധി ഉത്സവങ്ങളും ഇവിടുന്നങ്ങോട്ടു നടക്കുന്നുണ്ട്. ഇതിൽ പ്രധാനമായിട്ടുള്ളവയാണ് ഗുരുവായൂർ, ചെർപ്പുളശ്ശേരി മുതലായ പ്രദേശങ്ങളിലെ ഉത്സവങ്ങൾ. ഈ സന്ദർഭങ്ങൾ യാതൊന്നും നാം പാഴാക്കിക്കളയരുതു്. കാര്യങ്ങളുടെ യഥാർത്ഥ സ്വഭാവം പൊതുജനങ്ങളെ ധരിപ്പിക്കേണ്ടതിന്നുള്ള സകല മാർഗ്ഗങ്ങളും നാം ചെയ്തുവെക്കണം. മൂഢഭാഷയിൽ ഭാഗ്യമെന്നും മററും പറയുന്ന സാധനം നമുക്കു കൈവരുന്ന സന്ദർഭങ്ങളെ വേണ്ടപോലെ വിനിയോഗിക്കാനുള്ള സാമർത്ഥ്യം മാത്രമാണെന്ന് ഓർമ്മയിലിരിക്കട്ടെ.

# കയററി എഴുന്നള്ളത്ത്



ഈ ഗജരാജ സഭയിൽ ഒരപശബ്ദം മാത്രമേ കേൾക്കയുള്ളൂ; ആന കുത്തി മരിക്കാൻ ലൈസൻസ് വാങ്ങിയ ആനക്കാരന്റെ വമ്പ്. ആനേ, സൂക്ഷിച്ചോ; കളിക്കേണ്ടാ; മൂട്ടയെ കൊല്ലുംപോലെ നിന്നെ ഞാനങ്ങട്ട് കൊല്ലും!

# ബൃഹൽഭാരതം

## കാംബോജം

(മേജർ കെ. യം. പണിക്കർ)

**യുദ്ധം തുടങ്ങിയതിന്നുശേഷം ശാന്തസമുദ്രരംഗം എന്നു് ധാരാളം കേൾക്കുന്നുണ്ടെങ്കിലും, രാമേശ്വരത്തെന്തു് കോഴിശ്ശീരി നായരാണു്, എന്നു ചോദിക്കുംപോലെ, ഇന്ത്യയിലുള്ള നമുക്കെന്തു ശാന്തസമുദ്രരംഗമാണു്, എന്നു് ആരും കരുതേണ്ടാ. ഈ രംഗത്തിൽ കിടപ്പുള്ള അനവധി ദ്വീപുകൾ ഒരുകാലത്തു ഇന്ത്യയുമായി എത്രയും ഐക്യതയിലായിരുന്നുവെന്നു് മാത്രമല്ല, ഈ ലേഖനത്തിൽ കാണുന്നപോലെ, ഇന്ത്യൻ സംസ്കാരം ആചരിച്ചിരുന്നവരുമായിരുന്നു.**

ബൃഹൽ ഭാരതത്തിലെ ചരിത്രപ്രസിദ്ധങ്ങളായ പ്രധാന രാജ്യങ്ങൾ കാംബോജം, ചമ്പ, ശ്രീവിജയം (സുമാത്രാ), ജാവാ, ബലി ഇവയായിരുന്നു. ഇവയിൽ കാംബോജം (ഇംഗ്ലീഷിൽ കാംബോജിയാ) ഇപ്പോഴും ഹൈന്ദവാചാരങ്ങൾ അനുസരിക്കുന്ന ഒരു മഹാരാജാവിന്റെ കീഴിലാകുന്നു. പഴയ ചമ്പാരാജ്യം, ഇപ്പോൾ ഏഴാമത്തെ രാമദേവൻ എന്ന പേരിൽ അഭിഷിക്തനായ ആനന്ദ മഹാരാജാവു ഭരിച്ചുവരുന്നതായ സാമ്രാജ്യത്തിൽ പെട്ടതാണു്. ബലിദ്വീപിൽ വർണ്ണാശ്രമധർമ്മം പാലിച്ചുപോരുന്ന ഹിന്ദുജനതയാണു് അധിവസിച്ചുപോരുന്നതു്. സുമാത്രായും ജാവായും മുഹമ്മദീയമതം അനുസരിച്ചുവരുന്നുവെങ്കിലും അവിടേയും ഹൈന്ദവാചാരങ്ങൾ ഇപ്പോഴും സുപ്രതിഷ്ഠിതമാണു്.

ഭാരതത്തിൽനിന്നു്, കാംബോജത്തിൽ ആദ്യം കുടിയേറിപ്പാർത്തതാരായാലും, ക്രിസ്ത്വാബ്ദം ആറാം ശതകത്തിന്നുശേഷം കേരളത്തിൽനിന്നു മരുമക്കത്തായക്കാരായ ഒരു ഹിന്ദുജനതയാണു് അവിടെ രാജ്യാധികാരം നടത്തിയിരുന്നെന്നുള്ളതിന്നു വേണ്ട തെളിവുണ്ടു്. ഈ തെളിവുകളുടെ സംക്ഷേപിച്ച ഒരു വിവരണം 'സഹൃദയ' എന്ന മാസികയിൽ ഞാൻ മുൻപു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുകൊണ്ടു് അതു് ഇവിടെ എടുത്തു പറയുന്നില്ല.

കാംബോജത്തെപ്പററി ചീനചരിത്രങ്ങളിൽ ധാരാളം സൂചനകൾ ഉണ്ടെങ്കിലും, ആ രാജ്യത്തിന്റെ ചരിത്രം ശരിയായി ശിലാലേഖകളിൽനിന്നു് അറിയുന്നതു് ക്രിസ്ത്വാബ്ദം അഞ്ചാം ശതകംതൊട്ടു മാത്രമാണു്. അംശചമനിക എന്ന സ്ഥലത്തു കണ്ടുകിട്ടിയിട്ടുള്ളതും ക്രിസ്ത്വാബ്ദം 667-ൽ കൊത്തിയതുമായ ഒരു സംസ്കൃത ലിഖിതത്തിൽ രുദ്രവർമ്മൻ, ഭാവവർമ്മൻ, മഹേന്ദ്രവർമ്മൻ, ഈശാനവർമ്മൻ, ജയവർമ്മൻ എന്നൊരു രാജപരമ്പര പറഞ്ഞിട്ടുണ്ടു്. ജയവർമ്മന്റെ വൈദ്യനും, അംശചമനികയുടെ മണ്ഡലാധിപതിയും ആയിരുന്ന സിംഹദത്തൻ എഴുതിച്ചതാണു് ആ ശിലാലേഖനം. ഈ രാജാക്കന്മാർ ചന്ദ്രവംശത്തിൽ ജനിച്ചവരാണെന്നാണു് അഭിമാനിച്ചുപോന്നിരുന്നതു്.

ഇവരിൽ ഭാവവർമ്മൻ പ്രതാപിയായ ഒരു രാജാവായിരുന്നു. കാവ്യരീതിയിലെഴുതീട്ടുള്ള ആ ലേഖനത്തിലെ ശ്ലോകങ്ങൾ കാളിദാസകൃതിയെ അനുസ്മരിപ്പിക്കുന്നവയാണെന്നു പറയേണ്ടിയിരിക്കുന്നു. ഉഗ്രപുരാധിപതിയായ ഒരു സാമന്തരാജാവായിരുന്നു ഈ ലേഖനകാവ്യത്തിന്റെ കർത്താവെന്നും കാണുന്നു.

ജയവർമ്മൻ ഒന്നാമന്റെ (680) കാലത്തിന്നുശേഷം ഒരു നൂററാണ്ടുകാലത്തേക്കു കാംബോജത്തെപ്പററി നമുക്കു് ഇപ്പോൾ വല്ലതായി ഒന്നും അറിവില്ല. 802 ൽ ജയവർമ്മൻ രണ്ടാമൻ കാംബോജം ഒന്നായി അടക്കി ഭരിച്ചിരുന്നു എന്നു ചീന ചരിത്രങ്ങളിൽ കാണുന്നുണ്ടു്. ഇതിനിടക്കുള്ള കാലഭാഗത്തിൽ കാംബോജത്തിന്റെ ഐക്യത ഭിന്നിച്ചുപോയി എന്നു വിചാരിക്കുവാൻ ലക്ഷ്യങ്ങളുണ്ടു്. ശംഭുപുരം (ശാംബോർ) എന്ന സ്ഥലത്തുള്ള ഒരു പ്രമാണത്തിൽ ബ്രഹ്മക്ഷത്രിയകുലത്തിൽപെട്ട ജയവർമ്മനെന്നൊരു രാജാവു ക്രിസ്ത്വാബ്ദം 781ൽ രാജ്യം വാണിരുന്നതായി കാണുന്നു. ആ രാജാവുതന്നെയായിരിക്കണം കാംബോജത്തെ അടക്കി 802ൽ ഭരിച്ചുവന്നിരുന്ന ജയവർമ്മൻ രണ്ടാമൻ.

ജയവർമ്മനു മുമ്പു കാംബോജം ഛിന്നഭിന്നമായിരുന്ന കാലത്തു "ശൈലേന്ദ്ര" സ്ഥാനീകരായ (ഇവരെപ്പററി പിറകെ പറയുന്നുണ്ടു്) ശ്രീവിജയസാമ്രാട്ടുകൾ അവിടെ അധികാരം നടത്തിയിരുന്നതായി കാണുന്നുണ്ടു്. ഏതായാലും 802-ാമാണ്ടോടുകൂടി ജയവർമ്മൻ രണ്ടാമൻ കാംബോജത്തിന്റെ സ്വാതന്ത്ര്യം വീണ്ടെടുത്തു. ഈ മഹാരാജാവു് ഊർജ്ജസ്വലനും പ്രതാപിയും ആയിരുന്നു. അദ്ദേഹത്തിന്റെ ഗുരുവായ ശിവകൈവല്യൻ എന്ന ബ്രാഹ്മണനെപ്പററിയുള്ള ഒരു ശാസനത്തിൽനിന്നു ജയവർമ്മൻ കാലക്രമത്തിൽ ശുദ്ധശൈവമതം ഉപേക്ഷിച്ചു താന്ത്രികമതം സ്വീകരിച്ചതായി കാണുന്നു. ആ സമ്പ്രദായത്തിന്റെ ആചാരങ്ങൾ മനസ്സിലാക്കുന്നതിനായി കൈവല്യദാമൻ എന്നൊരു പണ്ഡിതനെ വരുത്തിയെന്നും ആയാൾ വിനാശകം, ന്യായോത്തരം, സമ്മോഹം, ശിരച്ഛേദം എന്ന നാലു ഗ്രന്ഥങ്ങൾ (കാപാലിക ഗ്രന്ഥങ്ങളായിരിക്കണം) ശിവകൈവല്യനെ പഠിപ്പിച്ചു എന്നും പറഞ്ഞുകാണുന്നു.

ഈ ജയവർമ്മൻ മരുമക്കത്തായി ആയിരുന്നു. അദ്ദേഹത്തിന്റെ മാതുലപരമ്പരയെ ചില ശാസനങ്ങളിൽ പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിന്നുശേഷം ആ കുടുംബം മക്കത്തായം സ്വീകരിച്ചതായി കാണുന്നു.

ജയവർമ്മൻ രണ്ടാമൻ പ്രതാപിയായ ഒരു മഹാരാജാവെന്നു് മാത്രമല്ല അറിയപ്പെടുന്നതു്. ലോകോത്തരവും അനശ്വരവുമായ വിഖ്യാതിക്കു് അദ്ദേഹം അർഹനാണു്. താജ്മഹാൽ, മുതലായ മഹാപ്രാസാദങ്ങൾ നിർമ്മിച്ച ഷാജഹാൻ ചക്രവർത്തിക്കാവട്ടെ, മഹാമല്ലപുരം നിർമ്മിച്ച മഹാമല്ലപല്ലവനാവട്ടെ, ഇന്ത്യയിലേയും യൂറോപ്പിലേയും മണിഹർമ്മ്യനിർമ്മാണകുതുകികളായ മററു മഹാരാജാക്കന്മാർക്കാവട്ടെ ലഭ്യമല്ലാത്ത ഒരു യശസ്സാണു്, അദ്ദേഹത്തിന്നു് ഇന്നും ലോകചരിത്രത്തിലുള്ളതു്. ജയവർമ്മൻ ഹരിഹരാലയം, അമരേന്ദ്രപുരം, മഹേന്ദ്രപർവ്വതം എന്ന മൂന്നു നഗരങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. കലാകാരന്മാരുടേയും ശില്പശാസ്ത്രജ്ഞന്മാരുടേയും വിസ്മയം വളർത്തുമാറു് അവയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാനുണ്ടു്.

കേതുമാല എന്ന പേരിൽ ജയവർമ്മൻ ദ്വിതീയനെ ഇന്നും കാംബോജർ ആരാധിച്ചു വരുന്നു. അവരുടെ പരദേവതയെപോലെ പൂജിച്ചുവരുന്നതും രാപ്പകൽ ഇന്നും ബ്രാഹ്മണർ തന്നെ കാത്തുവരുന്നതുമായ ഖഡ്ഗവും ജയവർമ്മന്റേതാണെന്നാണു് ജനങ്ങളുടെ വിശ്വാസം.

ജയവർമ്മൻ രണ്ടാമന്റെ മകൻ ജയവർമ്മൻ മൂന്നാമൻ പിന്നെ രാജ്യം ഭരിച്ചു. എന്നാൽ അതിന്നുശേഷം പിന്നേയും രാജാക്കന്മാർ മരുമക്കത്തായത്തെ അവലംബിച്ചതായി കാണുന്നു. ജയവർമ്മന്റെ ഭഗിനീവംശത്തിലുള്ള ഇന്ദ്രവർമ്മനാണു് പിന്നീടു രാജ്യം ലഭിച്ചതു്. ഈ ഇന്ദ്രവർമ്മന്റെ ഗുരുവായ ശിവസോമൻ എന്ന ബ്രാഹ്മണൻ 877ൽ കൊത്തിച്ചിട്ടുള്ള ശിലാലേഖനം ഏററവും പ്രധാനപ്പെട്ട ഒന്നാണു്. അതിൽ ശിവസോമൻ ശങ്കരാചാര്യഭഗവൽപാദരുടെ അടുക്കൽനിന്നുതന്നെ വേദാന്തം പഠിച്ചിരുന്നു എന്നു എടുത്തു പറഞ്ഞിട്ടുണ്ടു്. ഇന്ദ്രവർമ്മന്റെ അനന്തരഗാമി യശോവർമ്മൻ എന്നു പേരായ ഒരു രാജാവായിരുന്നു. ഈ രാജാവു പണിയിച്ചതാണു് യശോധരപുരം അല്ലെങ്കിൽ കംബൂരി എന്ന നഗരം. കാംബോജരാജാക്കന്മാരുടെ നഗരനിർമ്മാണവൈദഗ്ദ്ധ്യം ഈ പട്ടണത്തിലാണു് ഏററവും തെളിഞ്ഞുകാണുന്നതു്. മുന്നൂററിമുപ്പതടി വീതിയുള്ള ഒരു കിടങ്ങുകൊണ്ടു് ആ നഗരം വലയപ്പെട്ടിരിക്കുന്നു. ആ കിടങ്ങിനെത്തൊട്ടു അത്യുന്നതങ്ങളും പ്രബലങ്ങളുമായ കോട്ടകൊത്തളങ്ങൾ ഉണ്ടു്. കോട്ടക്കകം നാലു മൈൽ ചതുരശ്രമാണു്. പട്ടണത്തിന്റെ നടുക്കായി കാംബോജരുടെ പരദേവതയായ ശിവന്റെ ക്ഷേത്രം സ്ഥിതിചെയ്യുന്നു. ക്ഷേത്രത്തിന്റെ വടക്കുഭാഗം വലിയ ഒരങ്കണമാണു്. അതിന്റെ ഒരുവശത്തായാണു് രാജമന്ദിരം. മററു മൂന്നുവശത്തുനിന്നും മൂന്നു രാജവീഥികൾ കോട്ടവാതുക്കലേക്കു നീണ്ടുകിടക്കുന്നു. പട്ടണത്തിന്നകത്തു ജലസംരക്ഷണത്തിന്നുള്ള തടാകങ്ങൾ മററു നഗരവാസത്തിന്നും ആവശ്യമുള്ള ഏർപ്പാടുകൾ എല്ലാംതന്നെ വേണ്ടതുപോലെ ഉണ്ടായിരുന്നു. ഈ നഗരത്തിന്റെ നടുവിൽ സ്ഥിതിചെയ്യുന്ന ബായോൺ ശിവക്ഷേത്രം ലോകത്തിലെ ഏററവും മനോഹരമായ ദേവാലയങ്ങളിൽ ഒന്നാണു്. ശില്പകൌശല്യംകൊണ്ടു് ബായോണിന്നു തുല്യമായ ഒരു ക്ഷേത്രം ഭൂലോകത്തിൽ എവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണു്. ആംകോർവാട്ടെന്ന ക്ഷേത്രസമൂഹം ലോകത്തിലെ മഹാശ്ചര്യങ്ങളിൽ ഒന്നെന്നു സുസമ്മതമത്രെ. എന്നാൽ ആംകോർവാട്ടിൽ കവിഞ്ഞ ശില്പവൈദഗ്ദ്ധ്യമാണു് ബായോണിൽ കാണാനുള്ളതു്.

യശോവർമ്മന്റെ കാലത്തു് ഉത്തരഭാരതത്തിൽനിന്നു ജനങ്ങൾ കാംബോജത്തിൽ ധാരാളമായി വന്നിരുന്നു. മുഹമ്മദീയർ ഇന്ത്യയെ

ആക്രമിച്ചതായിരിക്കണം അതിന്നു കാരണം. അതിനെ തുടർന്നു ബൌദ്ധമതവും കാംബോജത്തിൽ പ്രചരിച്ചുതുടങ്ങിയതായി കാണുന്നു.

യശോവർമ്മനുശേഷം, ആ രാജാവിന്റെ രണ്ടു പുത്രന്മാർ രാജ്യം ഭരിച്ചു. അവരുടെ കാലശേഷം സിംഹാസനാരോഹണംചെയ്തതു് യശോവർമ്മന്റെ സഹോദരീഭർത്താവായ ജയവർമ്മൻ ചതുർത്ഥനാണു്. പിന്നെ രാജ്യം ഭരിച്ചിരുന്ന രാജാക്കന്മാരിൽ എല്ലാംകൊണ്ടും പ്രാധാന്യമർഹിക്കുന്നതു ക്രിസ്ത്വാബ്ദം 968 ൽ സിംഹാസനാരോഹണം ചെയ്ത ജയവർമ്മൻ പഞ്ചമനാണു്. ഈ മഹാരാജാവിന്റെ കാലത്തു രചിച്ചിട്ടുള്ള ഒരു ലിഖിതത്തിൽ കാണുന്ന ഒരു ശ്ലോകം താഴെ കൊടുക്കുന്നു :—

ചന്ദ്രഹാസഃ പ്രിയോ യസ്യ,
പ്രകാശോ ഭുവനേ ഖഹോ
തഥാഹി ഹസ്തേ ഹൃദയേ
കീർത്ത്യാം സന്നഹിതോ മുഖേ.

ഈ ജയവർമ്മൻ മഹാപണ്ഡിതനും കവിയുമായിരുന്നു. അദ്ദേഹത്തെപ്പററിയുള്ള ഒരു ലിഖിതത്തിൽ ഇങ്ങനെ പറയുന്നു :

"പാതഞ്ജലേ കാണാദേ്ക്ഷ
പാദകപിലാശമേ
ബൌദ്ധേ വൈദ്യേ ച ഗാന്ധർവ്വേ,
ജ്യൌതിഷേ നയതേ.......
ആഖ്യായികാകൃതിരഭൂൽ
സ്വദേശ യദ്ധപക്രമം
നാനാഭാഷാലിപിജ്ഞശ്ച
പ്രയോക്താ നാടകസ്യയഃ"

ജയവർമ്മന്റെ കവിതാത്തെപ്പററി ഇങ്ങനെയാണു് പറഞ്ഞിരിക്കുന്നതു് :

കാവ്യൈഃ സച്ചരിതൈർദ്ദൂരേ
നാനാ ദ്വീപാന്തരസ്ഥിതാൻ
യഃ സമുൽസുകയാമാസ
വിദുഷഃ സജ്ജനാനപി.

ഈ രാജാവിന്റെ സഹോദരി, ഇന്ദ്രലക്ഷ്മി, ഒരു ബ്രാഹ്മണനെയാണു വിവാഹം ചെയ്തിരുന്നതു്. ഈ ബ്രാഹ്മണൻ വൃന്ദാവനത്തിനു സമീപം കാളിന്ദീതടത്തിൽ മഥുരയിലാണു ജനിച്ചതെന്നു പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്.

ഈ ജയവർമ്മന്റെ കാലത്തു ബൌദ്ധമതത്തിനു കാംബോജത്തിൽ പ്രാധാന്യം വർദ്ധിച്ചുതുടങ്ങിയിരുന്നു. മഹാരാജാവിന്റെ മന്ത്രിയായ കീർത്തിപണ്ഡിതൻ സുഗതാനുഗായി ആയിരുന്നു എന്നുള്ളതിനു തർക്കമില്ല. കീർത്തിപണ്ഡിതന്റെ പ്രയത്നഫലമായി ബൌദ്ധധർമ്മചന്ദ്രൻ കാംബോജത്തിൽ ഉദിച്ചുയർന്നു എന്നു് ഒരു ശിലാലിഖിതത്തിൽ പറഞ്ഞുകാണുന്നു.

ഈ ജയവർമ്മന്റെ കാലത്തു നിർമ്മിച്ചതാണു ഹേമശൃംഗഗിരി എന്ന മഹാക്ഷേത്രം.

ജയവർമ്മനുശേഷം രാജ്യം ഭരിച്ച സൂര്യവർമ്മനെപ്പററി ഇങ്ങനെ പറഞ്ഞുകാണുന്നു : "അദ്ദേഹത്തിന്റെ പാദങ്ങൾ പതഞ്ജലഭാഷ്യമായിരുന്നു; കൈകൾ കാവ്യങ്ങളും ആറിന്ദ്രിയങ്ങൾ (മീമാംസകന്മാരുടെ അഭിപ്രായം അനുസരിച്ചു പഞ്ചേന്ദ്രിയങ്ങളും ബുദ്ധിയുംകൂടി ആറ്) ഷഡ്ദർശനങ്ങളും, ശിരസ്സ് ധർമ്മശാസ്ത്രവുമായിരുന്നു." സൂര്യവർമ്മൻ തന്റെ പൂർവ്വികന്മാരെപ്പോലെ ശിവഭക്തനായിരുന്നുവെങ്കിലും, അദ്ദേഹം ബൌദ്ധമതത്തോടു പ്രതിപത്തി കാണിച്ചുവന്നിരുന്നു എന്നുള്ളതിനു ലക്ഷ്യങ്ങളുണ്ടു്. അദ്ദേഹത്തിന്റെ കാലത്തു ബൌദ്ധസിദ്ധാന്തങ്ങൾക്കു നാട്ടിൽ പ്രചുരപ്രചാരം സിദ്ധിച്ചു എന്നുള്ളതിനും സംശയമില്ല.

സൂര്യവർമ്മനുശേഷം രാജ്യം ഭരിച്ച മഹാരാജാക്കന്മാരിൽ പ്രാധാന്യമർഹിക്കുന്നതു ജയവർമ്മൻ ആറാമനാണു്. ഇദ്ദേഹം പുതുതായി ഒരു വംശം സ്ഥാപിച്ചതായും, ക്രിസ്ത്വാബ്ദം 1040 ൽ സിംഹാസനാരോഹണം ചെയ്തതായും കാണുന്നു. ഈ രാജവംശവും മരുമക്കത്തായം ആചരിച്ചിരുന്നതായി ശാസനങ്ങളിൽ പറയുന്നു. പ്രിയവിഹാരത്തിലുള്ള ശിലാശാസനത്തിൽ ധരണീന്ദ്രവർമ്മനുശേഷം രാജാവിന്റെ മരുമകൾ ശ്രീ നരേന്ദ്രലക്ഷ്മിയുടെ മകനായ സൂര്യവർമ്മൻ രണ്ടാമൻ സിംഹാസനാരോഹണം ചെയ്തു എന്നു പറഞ്ഞിരിക്കുന്നു. ഈ ശിലാശാസനത്തിലെ പദ്യങ്ങൾ മഹാരാജാവുതന്നെ രചിച്ചതാണത്രേ.

(മംഗളോദയം)

(തുടരും)

(10-ാം പേജിൽനിന്നു തുടർച്ച)

രിക്കുന്ന നടപടി ഈ നിമിഷംവരെ ഏററവും മര്യാദയോടുകൂടി മാത്രമാണു്. പോളണ്ടിന്റെയും റഷ്യയുടെയും രക്ഷക്കും, നന്മക്കും, ഭാവിരഞ്ജിപ്പിന്നും നല്ലതു് റഷ്യക്കാർ 1939 ൽ പിടിച്ചടക്കുവാനിടവന്ന ഒരു ഭാഗം പോളണ്ടു് റഷ്യയുടെ കൈവശം നില്ക്കുകതന്നെയാണെന്നാണു് റഷ്യയുടെ അഭിപ്രായം. ഈ അഭിപ്രായം നാലാളുകാംകേൾക്കാൻ കൊള്ളരുതാത്തതാണെന്നു് ആരും ധരിക്കേണ്ടാ. ആദ്യത്തെ യുദ്ധം കഴിഞ്ഞതിന്നു ശേഷം 1921 ൽ കർസൺ പ്രഭുവിന്റെ അദ്ധ്യക്ഷതയിൽ നടത്തിയ ഒരു കമീഷന്റെ തീർപ്പനുസരിച്ചുണ്ടായ അതൃത്തിയും ഇന്നു് റഷ്യ അനുവദിക്കുന്ന അതൃത്തിയും ഒന്നാണു്. ഇത്തരത്തിലുള്ള ന്യായപ്രകാരം നടക്കുന്ന റഷ്യയെ ധിക്കരിച്ചുകൊണ്ടുള്ള നടവടിയോ അഭിപ്രായങ്ങളോ പോളണ്ടിന്നു് വളരെ ഗുണപ്രദമായിട്ടുള്ളതല്ല. പോളണ്ടിന്നു് ശക്തികൂട്ടേണ്ടതു് റഷ്യയിലേക്കു ചേരേണ്ടതായ പ്രദേശങ്ങൾ പോളണ്ടിന്റെ അധീനത്തിൽ വെച്ചുകൊണ്ടല്ല; പോളണ്ടിന്റെ വക്കൽനിന്നു ജർമ്മനി പിടിച്ചടക്കിയ പ്രദേശങ്ങളെ പോളണ്ടിലേക്കു ചേർക്കുന്നതിലാണു് പോളണ്ടിന്റെ ഭാവി മുഴുവൻ നില്ക്കുന്നതു്. അതിനാൽ പോളണ്ടിന്റെ കിഴക്കൻ പ്രദേശത്തുള്ള രണ്ടു ഭൂഖണ്ഡങ്ങൾ, ഒന്നു് പടിഞ്ഞാറൻ യുക്കറൈനും, മറേറതു് ബൈലൊ റഷ്യയും, അവിടുത്തെ നിവാസികളുടെ ഇഷ്ടമനുസരിച്ചു്, റഷ്യയോടൊന്നിച്ചു ചേരുന്നതു പോലെത്തന്നെ, പോളണ്ടിന്റെ പടിഞ്ഞാറൻ പ്രദേശത്തുള്ള സൈലിസ്യയും, ഈസ്റ്റ് പ്രഷ്യയും പോളണ്ടിലേക്കു ചേരേണ്ടതുമാണു്, എന്നാകുന്നു റഷ്യയുടെ ന്യായത്തിന്റെ അടിസ്ഥാനം. അത്‌ലാന്തിക്ക് ചാർട്ടറിന്റെ വ്യവസ്ഥകൾ നോക്കുന്നതായാലും റഷ്യയുടെ ന്യായത്തിന്നാണു് അധികം ഔചിത്യം കാണുക. ഓരോ രാജ്യത്തിന്നും അതാതുകളിലെ നിവാസികളുടെ ഇഷ്ടമനുസരിച്ചുള്ള ഭരണം നൽകേണമെന്നാണു് അത്‌ലാന്തിക്ക് ചാർട്ടറിന്റെ മതം. പടിഞ്ഞാറൻ യുക്കറൈനിലും ബൈലോ റഷ്യയിലും ഉള്ള ജനങ്ങൾക്കു റഷ്യയോടുകൂടി ചേരാനാണു് ഇഷ്ടമെന്നു് വോട്ടുകൊണ്ടു പ്രത്യക്ഷമാക്കിയിരിക്കെ റഷ്യയുടെ നയത്തിൽ യാതൊരു തെററും കാണുന്നില്ല.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.